
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

സെപ്റ്റംബർ 2004

"യഹോവയുടെ ദയകൊണ്ട്
ഭൂമി നിറഞ്ഞിരിക്കുന്നു."
(സങ്കീ. 33:5)



കേരള മുഖ്യമന്ത്രി
ശ്രീ. ഉമ്മൻ ചാണ്ടിക്ക് അഭിനന്ദനങ്ങൾ

## പിതാക്കന്മാരുടെ ഓർമ്മ

**81-ാം ഓർമ്മ**
**അൽവാറീസ് മാർ യൂലിയോസ്**



ഗോവ:- പഞ്ചിം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ കബറടങ്ങിയിരിക്കുന്ന അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 81-ാം ഓർമ്മ, മദ്രാസ് ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ സെപ്റ്റംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നതാണ്.


**7-ാം ഓർമ്മ**
**ഫീലിപ്പോസ് മാർ തെയോഫിലോസ്**



ആലുവ:- അങ്കമാലി ഭദ്രാസനാധിപൻ കാലം ചെയ്ത ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മപ്പെരുന്നാൾ സെപ്റ്റംബർ 28-ാം തീയതി പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസിലെയും മറ്റു മെത്രാപ്പോലീത്താമാരുടെയും മുഖ്യ കാർമ്മികത്വത്തിൽ ആലുവ തൃക്കുന്നത്തു സെമിനാരിയിൽ നടത്തപ്പെടുന്നതാണ്.

---

**I<sup></sup>st Death Anniversary**
**04.09.2004**



**LEELA JAMES**
**RTD. Teacher St. George H.S.**
**Thozhiyoor**
**W/o T. O. James**
**Thekkakara House**
**Kunnamkulam**

*Sorrowing Family*

---

**വേർപാടിന്റെ 6-ാം വർഷം**
**18-09-2004**



**M.E. ISSAC**
**Muthupathical**
**Edayar, Koothattukulam**

"വിശ്വാസത്താലെ വാങ്ങിപ്പോയോരെ
പ്രാർത്ഥിച്ചിടുമ്പോൾ ഓർത്തിടേണം നാം"

സ്നേഹ സ്മരണകളോടെ

**Alamma Issac (Wife)**
**P. T. George & Family**
**New Delhi**

---


# മലങ്കരസഭ

ലക്കം 9, പുസ്തകം 60
സെപ്റ്റംബർ 2004





### പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348 (Res.)
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)


### വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |


*Cover Design & Type Setting:-*
M.S. Graphics, Devalokam.


---

# CONTENTS
# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 കുറ്റകരമായ ശബ്ദവും മൗനവും
- ഫാ. ഡോ. ജോൺ പണിക്കർ

5 **മഹാപുരോഹിത സന്ദേശം**

**കാലികം**

6 വിശുദ്ധ പദവിയും പിതാക്കന്മാരുടെ കബറിടങ്ങളും......
- കെ. ജി. അലക്സാണ്ടർ, കുണ്ടറ

**ചർച്ചാ ലേഖനം**

8 അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുത്തവർ മാത്രം
- ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

**വനിതാസഭ**

23 സഭയിൽ സ്ത്രീകൾ
- വത്സമ്മ മാത്യു, നരിയാപുരം

**ലേഖനങ്ങൾ**

11 മരണത്തെ സ്നേഹിക്കുന്നവരുടെ നാട്ടിലെ സഭ
- ലിജേഷ്, ചിറത്തിലാട്ട്

13 അർത്ഥവത്തായ ആരാധനാ ജീവിതം: ചില മാർഗ്ഗനിർദ്ദേശങ്ങൾ
- ഫാ. ഡോ. മാത്യു വൈദ്യൻ

15 ക്രൂശിൻ ചുവട്ടിലെ മാതാവ് (തുടർച്ച...)
- ഫാ. പി. എം. കുറിയാക്കോസ്

20 സഭയുടെ രൂപവത്ക്കരണവും കൽട്ടുകളുടെ അപകടവും
- ഫാ. ജോണി ജോർജ്ജ്

31 IDENTIFY THE TRUE SPIRITUALITY
- Jaise K. George, Jabalpur

ധ്യാനപംക്തി, വിശ്വാസപാഠം, പ്രതിമാസ ചിന്തകൾ,
ബാലസഭ, ബൈബിൾ പദപ്രശ്നം,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
e-mail: malankara@sancharnet.in

# കുറ്റകരമായ ശബ്ദവും മൗനവും

"ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ"

ആത്മാഭിമാനത്തിന്റെയും ദേശീയ പ്രതിബദ്ധതയുടെയും ഈ ശകലങ്ങൾക്ക് ജീർണ്ണത ബാധിച്ചിട്ട് നാളുകളേറെയായി എന്ന തോന്നലുളവാക്കുന്നവയായിരുന്നു ഇത്തവണത്തെ നമ്മുടെ സ്വാതന്ത്ര്യദിനാഘോഷവും വിളവെടുപ്പു മഹോത്സവവും. മത-രാഷ്ട്രീയ വിദ്വേഷങ്ങളും ഭീകരവാദവും മൂലം ആത്മാവ് നഷ്ടപ്പെട്ട് ജഡസമാനമായി തീർന്നിരിക്കുന്ന ഭാരതത്തിൽ 'സ്വാതന്ത്ര്യ'ത്തിന്റെ അർത്ഥം നഷ്ടപ്പെട്ടിരിക്കുന്നു. ഐശ്വര്യത്തിന്റെയും ഉദാത്ത മാതൃകകളുടെയും ഈറ്റില്ലമായ കേരളം ഭൂതകാല പ്രൗഢിയുടെ സുന്ദരമായ ഓർമ്മകളിൽ നിന്ന് ഏറെ വിദൂരത്തായതിനാൽ ഓണാഘോഷങ്ങളും അപ്രസക്തമാകുന്നു.

സാക്ഷര കേരളം ഇന്ന് ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും നാടാണ്. മാധ്യമങ്ങളിലെ അക്ഷരങ്ങൾക്ക് ചോരയുടെ മണമാണുള്ളത്. കടക്കെണിമൂലം സ്വന്തം തലതന്നെ കൊയ്തെടുക്കേണ്ടി വന്ന കർഷകരെയും, വിദ്യാദാനത്തിന്റെ വിലപേശലുകൾക്കിടയിൽ ജീവിതം നഷ്ടപ്പെട്ട രജനി ആനന്ദുൾപ്പെടെയുള്ള വിദ്യാർത്ഥികളെയും വിസ്മരിക്കുവാൻ സമയമായോ? അഥവാ, മറവി നടിക്കുന്നെങ്കിൽ 1996 മുതൽ ആത്മഹത്യാ നിരക്കിൽ ഒന്നാം സ്ഥാനം നിലനിർത്തുന്ന സംസ്ഥാനമാണു കേരളമെന്ന റിപ്പോർട്ട് നമ്മെ അതിനനുവദിക്കില്ല.

ഇവിടെയാണ് നമ്മുടെ അന്വേഷണങ്ങളും പ്രതികരണങ്ങളും വിചിന്തന വിധേയമാക്കേണ്ടത്. ആവർത്തിക്കപ്പെടുന്ന പീഡനകഥകളും കൊടും ക്രൂരതകളുടെ കുത്തൊഴുക്കും നമ്മിൽ ചില നിമിഷ നടുക്കങ്ങൾ സൃഷ്ടിക്കാറുണ്ടെങ്കിലും അത്യധികം അപകടകരമായ ഒരു യാത്രയിലാണ് നാമെന്ന തിരിച്ചറിവ് നമുക്കില്ലാതെ പോകുന്നു.

ആത്മഹത്യാ റിപ്പോർട്ടുകൾ ഒന്നൊന്നായി പുറത്തുവന്നപ്പോൾ ഇതൊന്നും കണ്ടില്ല കേട്ടില്ല എന്ന് നടിക്കുവാനും പ്രശ്നത്തിന്റെ വഴി തിരിച്ചുവിടുവാനും ശ്രമിക്കുന്ന ഭരണപക്ഷവും, കാണുന്നതും കേൾക്കുന്നതുമെല്ലാം അധിക്ഷേപത്തിന്റെ ആയുധങ്ങളാക്കി പ്രതികരിക്കുന്ന പ്രതിപക്ഷവും ആത്മഹത്യചെയ്തവന്റെ പക്ഷത്തല്ലായിരുന്നുവെന്നത് നാം കണ്ട സത്യം. വിദ്യാർത്ഥി സംഘടനകൾ എന്ന പേരിൽ ചില ഗുണ്ടാസംഘങ്ങൾ നടത്തിയ സംഹാരതാണ്ഡവവും പൊതുജനത്തിന്റെ 84 കോടി രൂപാ നഷ്ടമാക്കിയ തേർവാഴ്ചയും കണ്ട് എല്ലാവരും മൗനമായി നിന്നത് മറ്റൊരു സത്യം.

ഭാരതത്തോടുള്ള അകമഴിഞ്ഞ "സ്നേഹം" വഴിഞ്ഞൊഴുകുന്ന "രാഷ്ട്രീയ"ക്കാരുടെ "സ്തംഭിപ്പിക്കും സ്തംഭിപ്പിക്കും ഭാരതമാകെ സ്തംഭിപ്പിക്കും" എന്ന മുദ്രാവാക്യം വിളിയിൽ എല്ലാവരും 'ഹർഷപുളകിത'രായി. എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരന്മാരാണെന്ന പ്രതിജ്ഞ ചൊല്ലിയിട്ട് മാറി നിന്ന് സഹോദരന്റെ മാറിൽ കഠാരയിറക്കി ചോരപ്പുഴ ഒഴുക്കുന്നവരുടെയും അവർക്ക് ഒത്താശചെയ്തുകൊടുക്കുന്ന വെള്ളാനകളുടെയും 'രാജ്യസ്നേഹം' അവർണ്ണനീയം തന്നെ.

ലോകമെമ്പാടും നടക്കുന്ന അനീതിക്കെതിരേ ഉച്ചഭാഷിണി കിട്ടിയാൽ ഘോര ഘോരം പ്രസംഗിക്കുന്നവരും ഹൃദയം തുളച്ചിറങ്ങുന്ന അക്ഷരങ്ങളിലൂടെ കഴിവു തെളിയിക്കുന്നവരുമായ സാഹിത്യ സാംസ്ക്കാരിക നായകന്മാരും മതമേലദ്ധ്യക്ഷന്മാരും എങ്ങനെയാണ് പ്രതികരിച്ചതെന്ന് ആരും അറിഞ്ഞില്ല. സാമൂഹ്യ സേവനം എന്ന പേരിൽ തുടർക്കഥകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും സമൂഹത്തിന്റെ മുഴുവൻ അവഹേളനം ഏറ്റുവാങ്ങുകയും ചെയ്യുന്ന സ്വാശ്രയക്കാർക്കും ക്രൈസ്തവ സഭകൾക്കും, അത്താഴപ്പട്ടിണി മാറ്റാൻ വേണ്ടി പൊരിവെയിലത്തും പെരുമഴയത്തും കഷ്ടപ്പെട്ടതിനു ശേഷം ആത്മഹത്യ ചെയ്യേണ്ടിവന്നവനേക്കുറിച്ച് ചിന്തിക്കുവാൻ സമയം കിട്ടിയെന്നു തോന്നുന്നില്ല.

മനുഷ്യാവതാരം എന്നത് മനുഷ്യ ജീവനു വില കല്പിക്കുന്നതിനും മനുഷ്യത്വത്തിന്റെ മൂല്യം അറിയുന്നതിനുമുള്ള ദൈവത്തിന്റെ വിളിയാണ്. സമൂഹത്തിന്റെ സ്പന്ദനങ്ങളെ മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിച്ച ക്രിസ്തുവിന്റെ ശരീരമായ സഭയും സംഘടനകളും, പ്രസംഗങ്ങളും ബോധവൽക്കരണ ▶



# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളേ,

സെപ്റ്റംബർ 14-ാം തീയതി നമ്മുടെ കർത്താവിന്റെ സ്ലീബായുടെ പ്രതിഷ്ഠാ പെരുന്നാൾ ദിനമാണല്ലോ! കുസ്തന്തീനോസ് രാജാവിന്റ മാതാവായ ഹേലനി രാജ്ഞിയും പരിവാരങ്ങളും റോമായിൽ നിന്ന് യെരുശലേമിലേക്കു പോയി നമ്മുടെ കർത്താവിന്റെ ജീവനുള്ള സ്ലീബാ കണ്ടെടുത്തു പ്രതിഷ്ഠിച്ചതുപോലെ നമ്മിൽ മുദ്രിതമായിരിക്കുന്നതും മറഞ്ഞിരിക്കുന്നതുമായ ജീവനുള്ള സ്ലീബായെ നമ്മിൽ തന്നെ പുനഃപ്രതിഷ്ഠിക്കുവാനുള്ള പ്രത്യേക അവസരമാണിപ്പോൾ.

രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പു ലോകത്തിന്റെ രക്ഷാകര ശബ്ദം ഉയർന്നത് കാൽവരിക്കുന്നിൽ നാട്ടിയ സ്ലീബായിൽ നിന്നായിരുന്നു. പണ്ഡിതനെയും പാമരനെയും കുബേരനെയും കുചേലനെയും ഒരുപോലെ ചിന്താധീനനാക്കുവാൻ തക്കവണ്ണം സ്ലീബായിലെ ശബ്ദത്തിന്റെ മാറ്റൊലി ഇന്നും ലോകമെങ്ങും നിറഞ്ഞു നിൽക്കുന്നു. സ്നേഹത്തെയും ത്യാഗത്തെയും സമന്വയിപ്പിച്ചുകൊണ്ട് സർവ്വലോകത്തിനും വിമോചനവും രക്ഷയും നൽകിയ നമ്മുടെ കർത്താവിന്റെ സ്ലീബായുടെ ശക്തിയും അർത്ഥവും നമുക്കു നഷ്ടമാകുവാനിടവരരുത്.

ക്രിസ്തുവിന്റെ മരണം പൈശാചിക ശക്തികളുടെ മേലുള്ള വിജയമായിരുന്നു. മനുഷ്യനെ അടക്കിവാണിരുന്ന പൈശാചിക ശക്തികളെ കർത്താവു തന്റെ ക്രൂശു മരണത്തിൽക്കൂടി തോൽപ്പിച്ചു. അതുകൊണ്ടാണ് സ്ലീബായെ നാം രക്ഷയുടെയും വിജയത്തിന്റെയും അടയാളം എന്നുവിളിക്കുന്നത്. നമ്മുടെ രക്ഷയുടെ മാർഗ്ഗമായി നാം സ്ലീബായെ കാണണം. അതിന്റെ മുമ്പിൽ നാം കൃതജ്ഞതാപൂർവ്വം തലവണങ്ങണം. നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി സ്വജീവനെ അർപ്പിച്ച അരുമരക്ഷകന്റെ മുമ്പിൽ നാം നമ്മെത്തന്നെ സമർപ്പിക്കണം. കർത്താവേ, അവിടുത്തെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതെ എന്നു നാം മുട്ടിപ്പായി പ്രാർത്ഥിക്കണം.

വീണ്ടും വാത്സല്യമക്കളേ, എല്ലാവർഷവും സെപ്റ്റംബർ മാസം ആദ്യ ഞായറാഴ്ച സഭയാകമാനം മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി ആചരിക്കുന്ന പതിവു നമുക്കുണ്ടല്ലോ! പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ആവശ്യകത നാം പറയാതെ തന്നെ നിങ്ങൾക്കേവർക്കും അനുഭവവേദ്യമാണെന്നാണ് നമ്മുടെ വിശ്വാസം. സാമ്പത്തിക രംഗത്ത് അടിക്കടി സംഭവിക്കുന്ന താഴ്ചകളും കാർഷിക രംഗത്തുണ്ടാകുന്ന അപ്രതീക്ഷിത തിരിച്ചടികളും, പ്രശ്നകലുഷിതമായ ജീവിത പശ്ചാത്തലവുമൊക്കെക്കൂടി അസ്വസ്ഥതയും അശാന്തിയും നമ്മുടെ ജീവിത സാഹചര്യങ്ങളിൽ വർദ്ധിപ്പിക്കുന്നു.

ജീവിതത്തിൽ സംഭവിക്കുന്ന അപ്രതീക്ഷിത പരാജയങ്ങളെ നേരിടാനാവാതെ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജീവിത പരാജയങ്ങളുടെ നടുവിൽ അസ്വസ്ഥരായി കഴിയുന്നവർക്ക് സ്വാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും സുവിശേഷം പങ്കു വയ്ക്കുവാൻ സഭാ മക്കൾക്ക് കഴിയണം.

സകല മനുഷ്യർക്കും സ്വസ്ഥതയും ജീവനും ലഭിക്കേണ്ടതിന് യാചനയിലും പ്രാർത്ഥനയിലും ഉറ്റിരിക്കണമെന്ന് പൗലൂസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു (1 തിമോത്തി. 2:1-2). സഹജീവികളുടെ നൊമ്പരത്തിൽ പങ്കു ചേരുന്ന ആർദ്രമനസ്സിന്റെ ഉടമകളായി സഭാമക്കൾ മാറണം. അതോടൊപ്പംതന്നെ വ്യക്തിപരമായ നൊമ്പരങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുവാനും നമുക്കു കഴിയണം. നമ്മുടെ സഭാമക്കളേവരും മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ വേരൂന്നി പ്രാർത്ഥനാ ശീലമുള്ളവരായി സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന ഒരു തീർത്ഥാടന സമൂഹമായി മാറണമെന്നാണ് നമ്മുടെ ഉൽക്കടമായ ആഗ്രഹം.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

---

സെമിനാറുകളും നടത്തി ആശയങ്ങൾ പ്രചരിപ്പിച്ചു മാത്രം തൃപ്തിയടയരുത്. അനീതിയോടു പോരാടുകയും വേദനയനുഭവിക്കുന്നവന്റെ വിഷമങ്ങൾക്കു പരിഹാരമുണ്ടാകുവാൻ സുതാര്യതയോടെ പ്രവർത്തിക്കുകയും ചെയ്യണം. അതിനു സാധിക്കുന്നില്ലെങ്കിൽ മനുഷ്യനു ജീവൻ നൽകിയ കർത്താവിന്റെ ശരീരവും പിൻതുടർച്ചയുമാണ് നാമെന്ന് അവകാശപ്പെടരുത്.

– ജോൺ പണിക്കരച്ചൻ.

കെ. ജി. അലക്സാണ്ടർ, കുണ്ടറ

# വിശുദ്ധ പദവിയും പിതാക്കന്മാരുടെ കബറിടങ്ങളും നമ്മെ ഒന്നിപ്പിക്കട്ടെ

മലങ്കര ഓർത്തഡോക്സ് സഭ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ആലുവായിലെ പ.മാർ അത്താനാസ്യോസ് തിരുമേനി, പ. പാമ്പാടി മാർ ഗ്രിഗോറിയോസ് തിരുമേനി എന്നീ പിതാക്കന്മാരെ വിശുദ്ധ പദവിയിലേക്കുയർത്തുന്ന വിവരം മാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഇവരിൽ ആലുവയിലെ തിരുമേനിയെ മാത്രം പാത്രിയർക്കീസ് വിഭാഗം വിശുദ്ധ പദവിയിലേക്കുയർത്തുന്ന വിവരവും അതിനോടു ചേർന്നു റിപ്പോർട്ടു ചെയ്തു. സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പ. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ സെപ്റ്റംബർ മാസം കേരളം സന്ദർശിക്കുമ്പോൾ ആലുവാ വലിയ തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപിക്കും എന്ന വാർത്തയാണ് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തതെങ്കിലും അതിനു കാത്തു നിൽക്കാതെ ആഗസ്റ്റ് 20-ാം തീയതി തന്നെ പാത്രിയർക്കീസ് പക്ഷത്തിന്റെ വിശുദ്ധ പ്രഖ്യാപനം നടന്നു കഴിഞ്ഞു. ഈ ലേഖനം പ്രസിദ്ധീകരിച്ചുവരുന്നതിനുമുമ്പായി ഇനി എന്തൊക്കെ സംഭവിക്കും എന്നറിയാൻ കഴിയുന്നില്ല.

വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്ന പിതാക്കന്മാരുടെ ജീവിത വിശുദ്ധിയെക്കുറിച്ചു മലങ്കര സഭയുടെ മക്കളാരും സംശയം പ്രകടിപ്പിച്ചതായി അറിവില്ല. ഇന്നു ജീവിച്ചിരിക്കുന്ന വിശ്വാസികളിൽ ഭൂരിഭാഗവും ഈ പിതാക്കന്മാരെ കണ്ടിട്ടില്ലെങ്കിലും അവരെക്കുറിച്ചുള്ള കേട്ടറിവും വായനയും അനുഭവങ്ങളുമൊക്കെ എല്ലാവരുടെയും മനസ്സിൽ അവർക്ക് മഹത്തരമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്.

ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തിൽ വിശുദ്ധ പ്രഖ്യാപനം എന്നൊരു പരിപാടി ഇല്ലാത്തതാണ്. പൂർവ്വ പിതാക്കന്മാരിൽ ആരെയെങ്കിലും എവിടെയെങ്കിലും വച്ച് വിശുദ്ധരായി പ്രഖ്യാപിച്ചതുകൊണ്ടാണ് അവരെ നാം വിശുദ്ധരെന്നു വിളിക്കുന്നത് എന്നതിനു തെളിവുകളും നിരത്താനില്ല. സഭാമക്കളെ വിശ്വാസത്തിൽ ജനിപ്പിക്കുകയും വളർത്തുകയും ചെയ്തിരിക്കുന്ന പിതാക്കന്മാരെ ദൈവജനം വിശുദ്ധരായി സ്വീകരിച്ചു കഴിയുമ്പോൾ അവർ കാലക്രമേണ സഭയിലെ വിശുദ്ധരും മദ്ധ്യസ്ഥരുമായി തീരുന്ന പതിവാണ് സാധാരണയുള്ളത്.

റോമൻ കത്തോലിക്കാസഭയിൽ വിശുദ്ധ പ്രഖ്യാപനം ഒരു സാധാരണ സംഭവമാണ്. അതിന്റെ സ്വാധീനമായിരിക്കാം മലങ്കര സഭയും വിശുദ്ധ പ്രഖ്യാപനം ആരംഭിച്ചത്. എന്തായാലും അതിലെ തെറ്റും ശരിയും വിശകലനം ചെയ്യുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. പ്രഖ്യാപിച്ചാലും ഇല്ലെങ്കിലും പരുമല തിരുമേനിയും കോതമംഗലം ബാവായും മഞ്ഞിനിക്കര ബാവായും വട്ടശ്ശേരിൽ തിരുമേനിയും ഒക്കെ ദൈവജനത്തിന്റെ ഹൃദയങ്ങളിൽ വിശുദ്ധർ തന്നെയാണ്. പ്രത്യേകിച്ച്, പരുമല തിരുമേനിയുടെ വിശുദ്ധിയെക്കുറിച്ച് ആരെങ്കിലും തർക്കിച്ചിട്ടുള്ളതായി കേട്ടിട്ടില്ല.

എന്നാൽ ഇപ്പോൾ നടക്കുന്ന "പരിശുദ്ധ പ്രഖ്യാപനങ്ങ"ളിൽ അതീവ ദുഃഖം അനുഭവിക്കുന്ന രണ്ടു കൂട്ടരെങ്കിലും ഉണ്ടെന്ന കാര്യം വളരെ വ്യക്തമാണ്. i) വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന പിതാക്കന്മാരുൾപ്പെടെയുള്ള സഭയുടെ അദൃശ്യസമൂഹം, ii) ഇതൊക്കെ കണ്ടും കേട്ടും മടുത്ത് അമർഷം ഉള്ളിലൊതുക്കി കഴിയുന്ന ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ സമൂഹം. ഈ രണ്ടു കൂട്ടരുടെയും ദുഃഖം അകറ്റാനുള്ള പ്രതിവിധി കണ്ടുപിടിച്ചെങ്കിലേ മതിയാകൂ!

> എന്നാൽ ഇപ്പോൾ നടക്കുന്ന "പരിശുദ്ധ പ്രഖ്യാപനങ്ങ"ളിൽ അതീവ ദുഃഖം അനുഭവിക്കുന്ന രണ്ടു കൂട്ടരെങ്കിലും ഉണ്ടെന്ന കാര്യം വളരെ വ്യക്തമാണ്. i) വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന പിതാക്കന്മാരുൾപ്പെടെയുള്ള സഭയുടെ അദൃശ്യസമൂഹം, ii) ഇതൊക്കെ കണ്ടും കേട്ടും മടുത്ത് അമർഷം ഉള്ളിലൊതുക്കി കഴിയുന്ന ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ സമൂഹം. ഈ രണ്ടു കൂട്ടരുടെയും ദുഃഖം അകറ്റാനുള്ള പ്രതിവിധി കണ്ടുപിടിച്ചെങ്കിലേ മതിയാകൂ!

ഒരു യാഥാർത്ഥ്യം എല്ലാവർക്കും അറിയാവുന്നതു ഒന്നുകൂടി കുറിക്കുന്നു: രണ്ടു പക്ഷങ്ങളിലുമായി നിൽക്കുന്ന വിശുദ്ധ ജനം കക്ഷിവ്യത്യാസമില്ലാതെ ഈ പിതാക്കന്മാരുടെയെല്ലാം കബറിടങ്ങളിൽ പോയി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നുണ്ട്. പിതാക്കന്മാരുടെ വിശുദ്ധിയും കബറിടങ്ങളും വിശ്വാസികളെ ഒരുമിപ്പിക്കുന്നു എന്നർത്ഥം. രണ്ടു കക്ഷികളിലുമുള്ള "ഭക്തന്മാർക്കു"



# ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി അധികാരമേറ്റു



ദേവലോകം അരമനയിലെത്തിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ സ്വീകരിക്കുന്നു.

കേരളത്തിന്റെ പത്തൊൻപതാമത്തെ മുഖ്യമന്ത്രിയായി മലങ്കര ഓർത്തഡോക്സ് സഭാംഗവും പുതുപ്പള്ളി സെന്റ് ജോർജ്ജ് ഇടവകാംഗവുമായ ശ്രീ. ഉമ്മൻ ചാണ്ടി സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഭരണത്തിൽ നിലനിന്ന അനിശ്ചിതത്വം അവസാനിപ്പിക്കുവാൻ കോൺഗ്രസ് അധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി ഇടപെടുകയും മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി രാജിവയ്ക്കുകയും ചെയ്തതാണ് പുതിയ മുഖ്യമന്ത്രിയായി ഉമ്മൻചാണ്ടി തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായ സാഹചര്യം.

സത്യപ്രതിജ്ഞയ്ക്കു മുമ്പ് തിരുവനന്തപുരത്തുള്ള ഉമ്മൻചാണ്ടിയുടെ ഭവനത്തിൽ ചെങ്ങന്നൂരിന്റെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത എത്തി പ്രത്യേക പ്രാർത്ഥന നടത്തി. സത്യപ്രതിജ്ഞാ ചടങ്ങിനും മെത്രാപ്പോലീത്താ സംബന്ധിച്ച് സഭയുടെ അനുമോദനങ്ങൾ അറിയിച്ചു.

## പ. ബാവാ തിരുമേനിയെ സന്ദർശിച്ചു

മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം ശ്രീ. ഉമ്മൻ ചാണ്ടി ദേവലോകത്ത് എത്തി പ. കാതോലിക്കാ ബാവാ തിരുമനസ്സിനെ സന്ദർശിച്ച് അനുഗ്രഹം തേടി. ലഭിച്ചിരിക്കുന്ന അവസരം കേരളത്തിന്റെ സമഗ്രവികസനത്തിനുപയോഗിക്കുവാനും ജനോപകാര പ്രദമായ കാര്യങ്ങൾ ദൃഢനിശ്ചയത്തോടെ നടത്തുവാനും പ. ബാവ തിരുമനസ്സുകൊണ്ട് പുതിയ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

❖

സംഗമിക്കുവാൻ വെറെ "സ്ഥല"ങ്ങളുമുണ്ട്. ഒന്നിക്കാൻ കഴിയാത്ത കൂട്ടം മേൽപ്പട്ടക്കാരുൾപ്പെടെയുള്ള വൈദിക സ്ഥാനികൾ ആണ്. ഇതു വിരോധാഭാസം തന്നെ. ഇതു നേതൃനിരയിൽ ഇരിക്കുന്നവർക്ക് അറിയാൻ പാടില്ല എന്നുണ്ടോ? രണ്ടു ഭാഗങ്ങളിലുമായി നിലകൊള്ളുന്ന പിതാക്കന്മാർ ഒരുമിച്ചു കൂടി തീരുമാനമെടുത്ത് ഈ പിതാക്കന്മാരെ വിശുദ്ധരെന്നു പ്രഖ്യാപിച്ചിരുന്നുവെങ്കിൽ!!!.

അടിസ്ഥാന വിശ്വാസ സത്യങ്ങളിൽ രണ്ടു വിഭാഗങ്ങളും തമ്മിൽ ഐക്യതയുണ്ടെങ്കിലും സഭയുടെ അധികാര ശ്രേണിയെ സംബന്ധിച്ചും അതിന്റെ പ്രായോഗികത സംബന്ധിച്ചും ഇന്നു വ്യത്യസ്ത നിലപാടുകളാണുള്ളത്. തെറ്റായാലും ശരിയായാലും ആത്മാർത്ഥതയോടെയാണ് ഓരോ വിഭാഗവും അവരുടെ നിലപാട് സ്വീകരിച്ചിരിക്കുന്നതെങ്കിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനു വലിയ മാറ്റം വരാൻ സാദ്ധ്യതയില്ല. 1934-ലെ ഭരണഘടന അംഗീകരിക്കുന്നവർക്കുള്ളതാണ് ഇടവകകൾ എന്ന വിധിന്യായം ഉണ്ടെങ്കിലും ആ വിധി ഇതുവരെയും പ്രാബല്യത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല, രണ്ടു കൂട്ടത്തിലുമുള്ളവർക്ക് അവരവരുടെ ഇടവകകളോടുള്ള വൈകാരിക ബന്ധം ഉടനെയൊന്നും ആർക്കും വേർപെടുത്തുവാനും സാധിക്കയില്ല. ആകയാൽ, ഓരോ ഇടവകയുടെയും പ്രത്യേക സാഹചര്യവും മലങ്കരസഭയുടെ അംഗീകരിക്കപ്പെട്ട ഭരണഘടനയിലെ സത്തയും മനസ്സിലാക്കി, എല്ലാ വിശ്വാസികൾക്കും സ്വാതന്ത്ര്യത്തോടെ ദൈവാരാധന നടത്തുവാനുള്ള സംവിധാനങ്ങൾ സമയബന്ധിതമായി രൂപപ്പെടുത്തി നടപ്പിലാക്കുവാൻ സഭയിലെ ഇപ്പോഴത്തെ പിതാക്കന്മാർക്കു സാധിക്കണം. മലങ്കര സഭയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ വിശുദ്ധിയും അവരുടെ കബറിടങ്ങളും നമ്മുടെ ഒന്നിപ്പിന്റെ അടയാളങ്ങളായി നിലകൊള്ളട്ടെ! ❖

# അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുത്തവർ മാത്രം

**(എബ്രായർ 5:4)**

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്
മെത്രാപ്പോലീത്ത

> ചുരുക്കം ചിലരെങ്കിലും വൈദീകരുടെ വോട്ടിന്റെ ഭൂരിപക്ഷം നോക്കാതെ, അൽമായക്കാരുടെ വോട്ടു കിട്ടിയവർക്കെല്ലാം പട്ടം കൊടുക്കണമെന്ന് ചിന്തിക്കുന്നത് നമ്മുടെ സഭയുടെ പാരമ്പര്യമോ വേദപുസ്തക അടിസ്ഥാനമോ ഉള്ളതല്ല എന്നു തെളിയിക്കുവാനാണ്. ജനാധിപത്യത്തിൽ വോട്ടവകാശം അൽമായക്കാരെ പ്പോലെ തന്നെ വൈദീകർക്കുമുണ്ട്. ഒരുവൻ അധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത്. വിശ്വാസയോഗ്യം ആകുന്നു. (1 തിമോത്തി. 3:1)

പ്ലേറ്റോയുടെ കാലത്തുപോലും ആധുനിക രീതിയിലുള്ള തെരഞ്ഞെടുപ്പ് തുടങ്ങിയിട്ടില്ലായിരുന്നു. 1000 കഴുതകൾ തെരഞ്ഞെടുത്താൽ ഒരു ബുദ്ധിമാന്റെ തെരഞ്ഞെടുപ്പിന് തുല്യമാകുമോ എന്ന ചിന്തയായിരുന്നു അടിമകളുടെ കാലത്ത് ലോകത്തിലുണ്ടായിരുന്നത്. 16-ാം നൂറ്റാണ്ടിൽ, ജോൺ കാൽവിന്റെ ഭരണകാലത്താണ് അടിമകൾക്കും സ്ത്രീകൾക്കുമെല്ലാം വോട്ടവകാശം ആരംഭിച്ചത്.

ആധുനികകാലത്ത് രാഷ്ട്രീയ തെരഞ്ഞെടുപ്പ് അതിൽത്തന്നെ ആധികാരികമാണ്. ക്രിസ്തീയ സഭയിൽ ഒരു രാഷ്ട്രീയ സ്ഥാനാർത്ഥിപോലും തെരഞ്ഞെടുക്കപ്പെട്ടാൽ, അത് ദൈവഹിതമാണെന്ന് വിശ്വസിക്കുകയും തോറ്റാൽ ദൈവം തെരഞ്ഞെടുത്തതല്ല എന്നു വിശ്വസിക്കുകയും വേണം. സെക്കുലർ ഡെമോക്രസിയിൽ ദൈവത്തിന് സ്ഥാനമില്ല. ജനാധിപത്യവിധി ആത്യന്തികമാണ്. ഒരു സത്യക്രിസ്ത്യാനിക്ക് ഒരിക്കലും നിരാശയില്ല. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായിട്ടു വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." (റോമ. 8:28)

ബിഷപ്പിന്റെ തെരഞ്ഞെടുപ്പ് 3 വിധത്തിലാണ് ആധുനിക കാലത്ത് പ്രധാന സഭകളിൽ പറയുന്നത്. റോമൻ കത്തോലിക്കാ സഭയിൽ പാപ്പായുടെ അംഗീകാരം കൂടാതെ ആരും ബിഷപ്പാകുന്നില്ല. അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുക്കുന്നത് മാർപാപ്പാ എന്ന ഏകവ്യക്തി വഴിയാണെന്നാണ് റോമൻ കത്തോലിക്കാ സഭ വിശ്വസിക്കുന്നതെന്ന് തോന്നുന്നു. ചില പ്രോട്ടസ്റ്റന്റ് സഭകളിൽ ജനാധിപത്യം വഴിയാണ് ദൈവം തെരഞ്ഞെടുക്കുന്നത്. 5 വർഷത്തേക്ക് ഒരു ബിഷപ്പിനെ തെരഞ്ഞെടുത്താൽ, അനന്തരം ബിഷപ്പ് പാസ്റ്ററായിട്ടുമാറും. മലങ്കര ഓർത്തഡോക്സ് സഭയിൽ ഏകാധിപത്യവുമല്ല, ജനാധിപത്യവുമല്ല, ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ മാർഗ്ഗം. എപ്പിസ്ക്കോപ്പൽ ജനാധിപത്യം ശരിയായിട്ടുള്ളത് ഈ സഭയുടെ ഭരണഘടനയിലാണ്. അതിൽ ജനാധിപത്യതെരഞ്ഞെടുപ്പ് ആദ്യപടിയും അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുക്കുന്നത് പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരം വഴിയുമാണ്.

പഴയ നിയമത്തിൽ, അഹരോനെ തെരഞ്ഞെടുത്തത് മോശയാണ്. ദാവീദിനെയും ശൗലിനെയും തെരഞ്ഞെടുത്തത് ശമുവേൽ പ്രവാചകനാണ്. പുതിയനിയമത്തിൽ യൂദായുടെ സ്ഥാനത്ത് മത്ഥിയാസിനെ തെരഞ്ഞെടുത്തത് അപ്പോസ്തോലന്മാരാണ്. മലങ്കരസഭയോട് കുർബ്ബാന ഐക്യമുള്ള കോപ്റ്റിക് സഭ ഈ പുതിയ നിയമ പാരമ്പര്യപ്രകാരം, ബിഷപ്പാകാനുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ വി. കുർബ്ബാനാനന്തരം ഒരു കാസായിലിട്ട് പ്രാർത്ഥനാപൂർവ്വം ഒരു ശിശുവിനെക്കൊണ്ട് ഒരു പേരെടുപ്പിച്ച് ബിഷപ്പാക്കുകയാണ്.

നമ്മുടെ സഭയിൽ ജനാധിപത്യപ്രകാരം തെരഞ്ഞെടുത്താലും പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരമാണ് അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗം. 1964-ൽ 5 പേരെ ജനാധിപത്യപ്രകാരം തെരഞ്ഞെടുത്തു എങ്കിലും ബഹുമാനപ്പെട്ട പോൾ വർഗീസ് അച്ചനും ബലഹീനനായ എനിക്കും ദൈവത്തിന്റെ തെരഞ്ഞെടുപ്പ് ഇല്ലായ്കയാൽ അംഗീകാരം കിട്ടിയില്ല. രണ്ടാമത് ഞങ്ങൾ ഇരുവരുമുൾപ്പെടെ 5 പേരെ തെരഞ്ഞെടുത്ത് പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കുകയും അപ്രകാരം അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുത്തവരായി 1975 ഫെബ്രുവരി 16-ാം തീയതി നിരണത്തുവച്ച് ഞങ്ങൾക്കും പട്ടം ലഭിക്കുകയും ചെയ്തു.

ഇപ്രാവശ്യം നിർഭാഗ്യവശാൽ, ജനാധിപത്യവ്യവസ്ഥയിൽ 4 പേർക്കു മാത്രമേ തെരഞ്ഞെടുപ്പ് ലഭിച്ചുള്ളൂ. 7 പേരെ മാനേജിംഗ് കമ്മറ്റി സ്ഥാനാർത്ഥികളാക്കിയെങ്കിലും അവിടെയും ഭൂരിപക്ഷം കിട്ടിയത് അസോസിയേഷൻ തെരഞ്ഞെടുത്ത യൂഹാനോൻ റമ്പാനും, ഔഗേൻ റമ്പാനും, കെ. ജെ. ഗബ്രിയേൽ അച്ചനും, എം. സി. ചെറിയാനച്ചനും മാത്രമായിരുന്നു. ഇവരും വോട്ടുപിടിക്കുവാൻ ശ്രമിച്ചു എന്ന കുറ്റം ഉണ്ടെങ്കിൽ തന്നെയും അവർ മാത്രം തെരഞ്ഞെടുക്കപ്പെട്ടത് ജനാധിപത്യപ്രകാരമാണെന്ന് ആശ്വസിക്കാം. എന്നാൽ അവരെ 4 പേരെയും പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചതുകൊണ്ടുമാത്രമാണ് അവർക്ക് പട്ടം ലഭിക്കുവാൻ പോകുന്നത്. പാപ്പായുടെ ഏകാധിപത്യമോ, പ്രോട്ടസ്റ്റന്റാനിസത്തിന്റെ ജനാധിപത്യമോ, അതോ നമ്മുടെ സഭയുടെ ഒന്നാംപടിയായ ജനാധിപത്യവും രണ്ടാംപടിയായ സുന്നഹദോസിന്റെ അംഗീകാരവുമോ നല്ലതെന്ന് വായനക്കാർ വിലയിരുത്തിക്കൊള്ളുക.

ഇപ്രാവശ്യം ജനാധിപത്യത്തിന്റെ ഭാഗമായ തെരഞ്ഞെടുപ്പ് പ്രചരണം എല്ലാവരും ചെയ്തുവെങ്കിൽ, അതിന്റെ കാരണം 30 പേർ ഒപ്പിടുന്ന സ്ഥാനാർത്ഥികൾ എന്ന ഭരണഘടനയിലെ പ്രമാണമാണ്. ആകയാൽ ഭരണഘടനമാറ്റി പുതിയൊരു മാർഗ്ഗം കണ്ടുപിടിക്കുവാൻ സഭയുടെ മാനേജിംഗ് കമ്മറ്റി ആലോചന തുടങ്ങിയിട്ടുണ്ട് എന്നുള്ളതും ശ്രദ്ധേയമാണ്.

അത് എങ്ങനെ ആയിരിക്കണമെന്ന് നിർദ്ദേശിപ്പാൻ ഒരു വ്യക്തിയ്ക്കും അധികാരമില്ല. എങ്കിലും എല്ലാ പള്ളികളിലും കൽപ്പന അയച്ച് സ്ഥാനാർത്ഥികളെ വരുത്തുകയും അവിടെനിന്ന് ജനാധിപത്യമായിത്തന്നെ ഒരു തെരഞ്ഞെടുപ്പ് മാനേജിംഗ് കമ്മറ്റി നടത്തുകയും പിൻമാറാൻ ആഗ്രഹിക്കുന്നവർക്ക് അവസരം നൽകുകയും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പള്ളികൾക്ക് അയയ്ക്കുകയും ഒടുവിൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര് അസ്സോസിയേഷന് സമർപ്പിക്കുകയും പാസ്സാക്കുന്നവരെ പ. സുന്നഹദോസിന്റെ അംഗീകാരത്തിനു സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നവർ മാത്രം വാഴിക്കപ്പെടുകയും ചെയ്യുന്നത് നന്നായിരിക്കും.

ഈ ലേഖനമെഴുതുവാൻ കാരണം, ചുരുക്കം ചിലരെങ്കിലും വൈദീകരുടെ വോട്ടിന്റെ ഭൂരിപക്ഷം നോക്കാതെ, അൽമായക്കാരുടെ വോട്ടു കിട്ടിയവർക്കെല്ലാം പട്ടം കൊടുക്കണമെന്ന് ചിന്തിക്കുന്നത് നമ്മുടെ സഭയുടെ പാരമ്പര്യമോ വേദപുസ്തക അടിസ്ഥാനമോ ഉള്ളതല്ല എന്നു തെളിയിക്കുവാനാണ്. ജനാധിപത്യത്തിൽ വോട്ടവകാശം അൽമായക്കാരെപ്പോലെ തന്നെ വൈദീകർക്കുമുണ്ട്. ഒരുവൻ അധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത്. വിശ്വാസയോഗ്യം ആകുന്നു. (1 തിമോത്തി. 3:1) കീഴെ നിന്നുള്ള ജനങ്ങളുടെ തെരഞ്ഞെടുപ്പ് അദ്ധ്യക്ഷസ്ഥാനത്തിന് മതിയായതാണ്. എന്നാൽ, ഒരു എപ്പിസ്ക്കോപ്പാ അഥവാ മെത്രാപ്പോലീത്താ അദ്ധ്യക്ഷ സ്ഥാനത്തേക്കാൾ കൂടുതലായി അഹരോന്റെ പൗരോഹിത്യം ഉള്ളവനാണ്. മെത്രാപ്പോലീത്തായെ സ്ഥലം മാറ്റുവാൻ പ. സുന്നഹദോസിന് അല്ലാതെ ജനങ്ങൾക്ക് അധികാരമില്ല എന്ന ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യവും ഇതേ പ്രമാണം അനുസരിച്ചു തന്നെയാണ്. വൈദീകരെ സ്ഥലം മാറ്റുവാൻ ഭദ്രാസനത്തിന്റെ തലവനായ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടെങ്കിലും, തലയെ സ്ഥലം മാറ്റുവാൻ ശരീരത്തിലെ അംഗങ്ങൾക്ക്അവകാശമില്ല. എപ്പിസ്ക്കോപ്പൽ ജനാധിപത്യവും രാഷട്രീയ ജനാധിപത്യവും തമ്മിലുള്ള വ്യത്യാസം നമ്മുടെ സഭയുടെ ഭരണഘടനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല. അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്വം സ്വതവേ എടുത്തിട്ടില്ല. (എബ്രായർ 5:4,5).

❖

**2nd Death Anniversary**
**24.09.2004**



**REV. MOTHER YOHANNA O.C.C.**
**Mother superior**
**St. Mary Magdalene Convent**
**Aduputty**

*Sorrowing Sisters*
**Aduputty**

ന്നതിനുള്ള നിരന്തര ശ്രമത്തിന്റെ അന്ത്യരൂപമാണ് ആത്മഹത്യ. ഇത് ശാരീരിക വേദനയിൽ നിന്നും മാനസിക വ്യഥയിൽ നിന്നും വ്യർത്ഥതാബോധത്തിൽ നിന്നുമുള്ള രക്ഷതേടലാകാം. ഇവ ഒറ്റപ്പെട്ട സംഭവങ്ങളുടെ പരിണിതഫലങ്ങളല്ല, മറിച്ച് അങ്ങേയറ്റം ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ മാത്രം ജീവിക്കേണ്ടിവരുമ്പോൾ അന്തിമമായെടുക്കുന്ന കഠിന തീരുമാനമാണ്.

ജീവൻ ജീവിതത്തെ ഇല്ലായ്മ ചെയ്ത് സമസ്യപൂരണം നടത്തുമ്പോൾ സമകാലിക ജീവിതത്തിന് അന്യമായിപ്പോകുന്ന ചില സനാതന മൂല്യങ്ങളുണ്ട്. ജീവിതം ദൈവദാനമാകയാൽ ശരീരമുൾപ്പെടുന്ന സമസ്ത പ്രകൃതിയുടെയും കാര്യസ്ഥവകാശമാണ് മനുഷ്യനുള്ളത്. നിത്യനായ യജമാനനുവേണ്ടി പരിപാലനം നടത്തുന്ന ഉത്തരവാദിത്വമാണ് മനുഷ്യന്റേത്. അതിനാൽ ആത്മഹത്യ നിയുക്തരുടെ നിരുത്തരവാദിത്വമാണ്.

ആത്മശരീരമനസ്സുകളാൽ നിവർന്ന് നില്ക്കുന്ന രൂപമുള്ള മനുഷ്യൻ ദൈവസ്വരൂപം/പ്രതീകംതന്നെയെന്ന പൗരസ്ത്യ വേദശാസ്ത്രപാഠം മറച്ച് പിടിച്ച്, വീണുപോയ മനുഷ്യന്റെ മേൽ അപരാധത്തിന്റെയും സഹതാപത്തിന്റെയും വാക്കുകളുടെ ഭാരം കയറ്റിവയ്ക്കുന്ന നമുക്ക് ആത്മാവിന്റെ രക്ഷയെന്നല്ല, ഹത്യയെക്കുറിച്ച് പോലും സംസാരിക്കുന്നതിനർഹതയില്ല. മതം ആത്മനിഷ്ഠമായിരിക്കുന്നതിനാൽ ആത്മഹത്യകളുടെ ആത്യന്തിക കാരണം തേടി ദൂരെപ്പോകേണ്ടതില്ല. ദുർബ്ബലതയാണ് പാപമെങ്കിൽ ആത്മബലം നല്കാത്ത പ്രസംഗങ്ങളുടെയും പ്രവൃത്തികളുടെയും ഉടമകളായ നാം മഹാപാപികളാണ്. രോഗമോ, ദുരന്തമോ, നഷ്ടമോ എല്ലാം യാഥാർത്ഥ്യത്തിന്റെ അപരിചിത തലങ്ങളിൽ എത്തിക്കുമ്പോൾ നിസ്സഹായരായിപ്പോകുന്നവർക്ക് ജീവിക്കുന്ന സമൂഹത്തിലെ/ചരിത്രത്തിലെ സ്ഥാനത്തെക്കുറിച്ച് ബോധ്യം നഷ്ടപ്പെടുന്നു. ചരിത്രത്തിലെ, സമൂഹത്തിലെ, സഭയിലെ, ഭവനത്തിലെ സ്ഥാപനത്തെക്കുറിച്ചുള്ള ബോധ്യം വ്യക്തികളിൽ രൂപപ്പെടുത്തുക. തങ്ങളുടെ മൂല്യം അവരെ തിരിച്ചറിയിക്കുക. അമരവും അനാദ്യന്തവുമായ ആത്മാവെന്ന അക്ഷയഖനിയെക്കുറിച്ച് ബോധ്യമാക്കുക.

ഇത് വ്യക്തികളിൽ ആരംഭിക്കാം. നമസ്തേ പറയുന്നത് അപരന്റെ അസ്തിത്വത്തെ നമസ്ക്കരിക്കുന്നുവെന്ന ബോധ്യത്തോടെയാകട്ടെ. ഞാനും അവനും വിലകൾക്കതീതനാണ്. നമുക്കത് ക്രിസ്തുവിലാക്കാം. കാലങ്ങൾക്കതീതനായ ദൈവത്തിന്റെ അതേ പ്രതിമയിൽ അപരനെ ദർശിക്കാം. ഒന്നുമല്ലെങ്കിൽ, മനുഷ്യജീവിയെന്ന നിലയിലെങ്കിലും നമുക്ക് പരസ്പരം അംഗീകരിക്കാം. തുല്യത കല്പിക്കാം. കാഴ്ച നഷ്ടപ്പെട്ടവനെ പേര് ചൊല്ലി വിളിച്ച് കാഴ്ച നല്കുന്ന ക്രിസ്തുവിനെ നമുക്ക് പരിചയപ്പെടാം. പ്രതിസന്ധികൾക്ക് മുമ്പിൽ മരണത്തെ മാത്രം കാണാവുന്ന അന്ധതപൂണ്ട മനുഷ്യർക്ക് സഹായവും സഹതാപവും വാഗ്ദാനം ചെയ്യുന്നതിന് മുമ്പ് നമുക്കവരെ അംഗീകരിക്കാം. ജീവിക്കാൻ ഒരു നുള്ള് ധൈര്യം എറിഞ്ഞു കൊടുക്കാം. ഈ തന്റേടം വെളിപ്പെടുമ്പോഴാണ് സഭകൾ ക്രിസ്തുവിന്റേതാകുന്നത്. അതിന് ചുമക്കാൻ കുരിശുകൾ കിട്ടുന്നതും, കുരിശിന്റെ തണൽ തേടി അനേകർ ഓടിയെത്തുന്നതും.

കുരിശ് മരണത്തെ നിശബ്ദമാക്കുന്നു, ഇനിയിവിടെ ജീവിതം സംസാരിക്കട്ടെ.

❖


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479-2312266, 2312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാ കേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626




# അർത്ഥവത്തായ ആരാധനാ ജീവിതം: ചില മാർഗ്ഗനിർദ്ദേശങ്ങൾ

ഫാ. ഡോ. മാത്യു വൈദ്യൻ



ഭക്തിയിലൂന്നിയ പ്രാർത്ഥനകളും കീർത്തനങ്ങളും നാം നിർമ്മിക്കണം. മറ്റേതോ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഉടലെടുത്ത ആരാധനകൾ അതേ ഭാഷയിലോ അതേ പടി തർജ്ജമ ചെയ്തോ ഉപയോഗിച്ചാൽ മാത്രമേ ആരാധനാ സാഫല്യം നേടുകയുള്ളൂ എന്ന് ശഠിക്കുന്നത് ശരിയല്ല. ലോകത്തുള്ള മറ്റ് പുരാതന സഭകളിലെല്ലാം കാലാകാലങ്ങളിൽ തനതായ ആരാധനാ സാഹിത്യം വികസിച്ചിട്ടുണ്ട്.

ജീവനുണ്ടെങ്കിൽ നൊമ്പരമുണ്ടാകും. ക്രിയാത്മകമായ ഒരു അസംതൃപ്തിയും അതിന്റെ വേദനയുമാണ് "മലങ്കരസഭ" ജൂലൈ ലക്കത്തിൽ ശ്രീ. പോൾ മണലിൽ എഴുതിയ ലേഖനത്തിൽ പ്രതിധ്വനിക്കുന്നത്. അവയോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ചില അനുബന്ധ ചിന്തകൾ കുറിക്കുന്നു.

അന്ത്യോഖ്യൻ സുറിയാനി സഭയിൽ ഏതാണ്ട് പതിമൂന്നാം നൂറ്റാണ്ടിനകമായി രൂപമെടുത്തവയാണ് നമ്മുടെ സഭയിൽ ഉപയോഗത്തിൽ വന്നിട്ടുള്ള ആരാധനാ ക്രമങ്ങളുടെ സുറിയാനി മൂലങ്ങൾ. 1665-ൽ യരുശലേമിലെ മാർ ഗ്രിഗോറിയോസ് കേരളത്തിൽ വന്നതോടുകൂടിയാണ് ഇത് ഇവിടെ പ്രചരിക്കാൻ ഇടയായത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ അവയുടെ മലയാള പരിഭാഷകൾ ഉപയോഗിച്ചു തുടങ്ങി.

അന്ത്യോഖ്യൻ സുറിയാനി സഭയുടെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ രൂപപ്പെട്ട ഈ ആരാധനാ ക്രമങ്ങളുടെ ആശയം, ആചാരങ്ങൾ, രീതികൾ ഇവ എന്തെന്ന് ശരിയായി പരിശോധിക്കണം. ഭാരതീയ സാംസ്ക്കാരിക പശ്ചാത്തലത്തിലാണ് ഇവിടുത്തെ ആരാധനാ ക്രമങ്ങൾ വികസിക്കേണ്ടത്. ഇവിടെ ഉപയോഗിക്കുന്ന ആരാധനാ ക്രമത്തിലെ ഗാനങ്ങളുടെ രാഗങ്ങൾ ഭാരതീയമാകണം.

ഓരോ രാജ്യത്തും ക്രിസ്തീയ സഭയിൽ ഇപ്രകാരമുള്ള ആരാധനാ ക്രമങ്ങൾ വികസിക്കുകയുണ്ടായി. ആരാധനാ പരിഷ്ക്കരണം മൂലം വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ആരാധനാ സാഫല്യം ലഭിക്കാൻ ഇടയാകണം. ഇമ്പകരമായ സംഗീതം ആവശ്യമാണ്. അത് വൈദേശിക ഈണങ്ങളുടെ തർജ്ജമയാകരുത്. അർത്ഥപൂർണ്ണമായ പ്രാർത്ഥനകൾ ആകണം. ജീവിതത്തിലെ സമകാലീന പ്രശ്നങ്ങൾ നേരിടുവാൻ വിശ്വാസികൾക്ക് ഉത്തേജനം നൽകുന്ന ആരാധനാ ക്രമമാകണം. ഭാരതത്തിലെ സഭയ്ക്ക് അതിന്റേതായ ആരാധനാ പാരമ്പര്യം ഉണ്ടാകണം.

ഭക്തിയിലൂന്നിയ പ്രാർത്ഥനകളും കീർത്തനങ്ങളും നാം നിർമ്മിക്കണം. മറ്റേതോ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഉടലെടുത്ത ആരാധനകൾ അതേ ഭാഷയിലോ അതേ പടി തർജ്ജമ ചെയ്തോ ഉപയോഗിച്ചാൽ മാത്രമേ ആരാധനാ സാഫല്യം നേടുകയുള്ളൂ എന്ന് ശഠിക്കുന്നത് ശരിയല്ല. ലോകത്തുള്ള മറ്റ് പുരാതന സഭകളിലെല്ലാം കാലാകാലങ്ങളിൽ തനതായ ആരാധനാ സാഹിത്യം വികസിച്ചിട്ടുണ്ട്. മറ്റ് ആരാധനാ പാരമ്പര്യങ്ങൾ അതിന് സഹായകരമായി സ്വീകരിക്കാവുന്നതാണ്. ചിത്രകലയും ഭാരതീയ ക്രൈസ്തവ പാരമ്പര്യത്തിനനുയോജ്യമായി വികസിക്കണം.

ഒരു സഭയും മറ്റൊരു സഭയുടെ കീഴിൽ അല്ല സ്ഥിതി ചെയ്തുവന്നത്. റോമാ സാമ്രാജ്യത്തിൽ റോമൻ കത്തോലിക്കാസഭ മറ്റെല്ലാ സഭകളുടെയും തലയായി പിൽക്കാലത്ത് സ്വയം പ്രഖ്യാപിച്ചെങ്കിലും മറ്റ് സഭകൾ അത് അംഗീകരിച്ചില്ല. ഭാരതത്തിലെ സഭയ്ക്ക് സഭാപരമായ വ്യക്തിത്വം ഉണ്ടാകണം. ഭാഷകളും

സഭാ സംഗീതവും ആരാധനാ ക്രമങ്ങളും അന്യോന്യം കടപ്പെട്ടിരിക്കുന്നുവെങ്കിലും കാർബൺ കോപ്പികളല്ല; ആകരുത്. കാലോചിതമായി ഉപയോഗിക്കാൻ കൊള്ളാവുന്ന ഘടകങ്ങൾ സ്വീകരിക്കാം. പുതുതായി പ്രാർത്ഥനകൾ, ഗീതങ്ങൾ, ധ്യാനങ്ങൾ, ഇവ നിർമ്മിച്ച് ആരാധനാസാഹിത്യം പരിപോഷിപ്പിക്കണം. അങ്ങനെ എല്ലാ അർത്ഥത്തിലും ദേശീയ സഭയായിത്തീരണം.

ആശ്രമസ്ഥരായ പണ്ഡിതന്മാർ രചിച്ച പ്രാർത്ഥനകളിൽ സന്യാസിത്വത്തിന്റെ അതിപ്രസരം ഉണ്ടാവുക സ്വാഭാവികം. സിറിയൻ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ വളർന്നിട്ടില്ലാത്ത ഇൻഡ്യൻ ജനതയ്ക്ക് അത് അപരിചിതവും അപ്രസക്തവുമായിത്തീരും.

ചൊല്ലിത്തീർത്തും പാടിത്തീർത്തും ആത്മീയ നിർവൃതി പ്രാപിക്കാനുള്ളതല്ല ആരാധനാ ജീവിതം. അതിശയോക്തി പരമായ വർണ്ണനകൾ ഒഴിവാക്കണം. അതിദീർഘവും ആവർത്തിച്ച് ആശയങ്ങൾ നിരത്തിവയ്ക്കുന്നതുമായ പ്രാർത്ഥനകൾ ചുരുക്കണം. സാധാരണ മനുഷ്യർക്കുകൂടി ഗ്രഹിക്കാൻ കഴിയുന്ന പദങ്ങളാകണം. ആശയങ്ങളുടെ ആവർത്തനം അരോചകമായിത്തീരുന്ന സന്ദർഭങ്ങൾ ഉണ്ട്. അവ ഒഴിവാക്കണം. ആരാധന കൂടുതൽ ഭക്തി സംവർദ്ധകമാകണം. സ്വയ സമർപ്പണത്തിനും ക്രിസ്തീയ സേവനത്തിനും പ്രചോദനം നൽകുന്നതുമാകണം.

പങ്കെടുക്കുന്നവരെല്ലാം വി. കുർബ്ബാന അനുഭവിക്കത്തക്ക രീതിയിലും, ക്രിയകളുടെയും കർമ്മങ്ങളുടെയും ആത്മീയാർത്ഥം ഉൾക്കൊള്ളുന്ന രീതിയിലും പുനഃക്രമീകരണം ആവശ്യമാണ്. കുമ്പസാരവും ഉപവാസവും ആവശ്യമാണെങ്കിലും വി. കുർബ്ബാന സ്വീകരിക്കുന്നതിൽ നിന്ന് ജനങ്ങളെ ഇവ ഭയപ്പെടുത്തി പിന്മാറ്റുന്ന തരത്തിലാകരുത്. യേശു ക്രിസ്തു വെളിപ്പെടുത്തിയ ദൈവസ്നേഹം പ്രതിബിംബിക്കുന്ന ഗാനങ്ങളും പ്രാർത്ഥനകളുമാകണം. മദ്ധ്യസ്ഥപ്രാർത്ഥനകൾ കൂടുതൽ സജീവവും കാലികവും പ്രസക്തവുമാകണം. നമുക്ക് പരിചിതരല്ലാത്ത പിതാക്കന്മാരുടെ പേരുകൾ ഒഴിവാക്കണം. നമ്മുടെ സഭയുമായി കുർബാന സംസർഗ്ഗമുള്ള മറ്റു സഭകളുടെയും വൈദിക മേലദ്ധ്യക്ഷന്മാരുടെയും പേരുകൾ ഓർക്കണം. മലങ്കരയുടെ ശ്രേഷ്ഠ പിതാക്കന്മാരെയും ഓർക്കണം. ഇൻഡ്യൻ സഭയുടെ ചരിത്രവുമായി കാര്യമായ ബന്ധമുള്ളവരെയാണ് ഉൾപ്പെടുത്തേണ്ടത്.

രചയിതാവിന്റെ മനോധർമ്മം അനിയന്ത്രിതമായി വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങളും ആദ്ധ്യാത്മിക ആശയങ്ങൾ കാല്പനികമായും അതിഭാവുകത്വത്തോടെയും വർണ്ണിക്കുന്ന രീതികളും വർജ്ജിക്കേണ്ടതാണ്. ആവശ്യമില്ലാത്ത നിഷ്ക്കർഷകൾ നമ്മുടെ ആരാധനാക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച് അവ നീക്കേണ്ടതാണ്. പദാനുപദ തർജ്ജമയിൽ വന്നു കൂടാവുന്ന ആശയ വ്യത്യാസങ്ങൾ നീക്കണം. ഭംഗി പോരാ, ഭക്തി വേണം. പാട്ടിന്റെ ഈണത്തിൽ മാത്രം ലയിച്ചാൽ പോരാ. അർത്ഥ സംപുഷ്ടതയിൽ സ്വയം അർപ്പിക്കണം. 1970 കളിൽ റവ. ഡോ. വി. സി. സാമുവൽ മലങ്കര സഭയുടെ ആരാധനാ ക്രമങ്ങളെക്കുറിച്ച് എഴുതിയ പഠനക്കുറിപ്പുകൾ ചേർത്ത് അടുത്ത കാലത്ത് ഡോ. വി. സി. സാമുവൽ എക്യുമെനിക്കൽ ഫോറം പ്രസിദ്ധീകരിച്ച "ആരാധനാ വിജ്ഞാനീയം" എന്ന ഗ്രന്ഥം വായനക്കാരുടെ കൂടുതൽ പഠനത്തിനായി നിർദ്ദേശിച്ചുകൊള്ളട്ടെ.

ഭാരതീയ സഭയ്ക്ക് ഭാരതീയ മുഖം വേണം. മനുഷ്യത്വത്തിന്റെയും ത്യാഗത്തിന്റെയും മുഖം വേണം. ലാളിത്യത്തിന്റെ സംസ്ക്കാരം നാം ഉൾക്കൊള്ളണം. പുതിയ തലമുറയുടെ മനഃശാസ്ത്രം അറിയാതെയുള്ള ആരാധനാ രീതികൾ ദോഷം ചെയ്യും. കാലാനുസൃത മാറ്റങ്ങൾ ഉണ്ടാകണം. ആഡംബരങ്ങളും പുറംമോടികളും ജാടകളും അഭിനയങ്ങളും ഒഴിവാക്കണം. സമകാലീന പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ കഴിയുന്ന പ്രാർത്ഥനാനുഭവമുള്ള സഭാംഗങ്ങൾ കൂടുതലായി ഉണ്ടാകണം. അനുഭവസമ്പത്തും പക്വതയും കാരുണ്യവും മനസ്സലിവും ഒത്തു ചേർന്ന വ്യക്തിത്വങ്ങൾ ഉണ്ടാകണം.

അവിനയവും ഗുരുനിന്ദയുമാണെന്നു കരുതരുത്. നമ്മുടെ വൈദിക സെമിനാരി ഓർത്തഡോക്സ് അക്കാദമി ആകണം. ഓർത്തഡോക്സ് സർവ്വകലാശാല ആകണം. സെറാംപൂർ അഫിലിയേഷൻ ഘട്ടം ഘട്ടമായി ഇല്ലാതാകണം. ലോകത്ത് ഒരു ഓർത്തഡോക്സ് സെമിനാരിയ്ക്കും പ്രൊട്ടസ്റ്റന്റ് അഫിലിയേഷൻ ഇല്ല എന്ന് അറിയണം. അക്കാദമിക് തലത്തിൽ ഉയർന്ന നിലവാരം മാത്രം പോരാ. ഓർത്തഡോക്സ് പ്രതിബദ്ധതവേണം. സഭയ്ക്ക് വേണ്ടിയാണ് വൈദിക വിദ്യാഭ്യാസ കേന്ദ്രം. ഓർത്തഡോക്സ് സർവ്വകലാശാലയ്ക്ക് ഗവേഷണ വിഭാഗവും എക്യുമെനിക്കൽ വിഭാഗവും ഒക്കെ ഉണ്ടാകാം. പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ്, കത്തോലിക്കാ സെമിനാരികൾ തമ്മിൽ പഠന ബന്ധവും സൗഹൃദ ബന്ധവും തുടരാം. താല്പര്യമുള്ളവർക്ക് ഇതര ഡിഗ്രികൾ നേടുന്നതിനും എക്യുമെനിസത്തിന്റെ പുതിയ മാനങ്ങൾ തേടുന്നതിനും തടസ്സമില്ല. പക്ഷേ, പ്രാഥമികമായി ഓർത്തഡോക്സ് സഭാ കെട്ടുപണി, വിശ്വാസ സംരക്ഷണം, ആരാധനാജീവിതം, ഇൻഡ്യൻ ദേശീയതയിലൂന്നിയ സാംസ്ക്കാരിക വളർച്ച എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകേണ്ടത്. ജീവകാരുണ്യ രംഗത്ത് വീരഗാഥകൾ രചിക്കണം.

സഭാപിതാക്കന്മാരുടെ കൃതികൾ സഭാമക്കൾക്ക് പരിചിതമാകണം. പരിഭാഷകളും വിശദപഠനങ്ങളും നടക്കണം. ഓർത്തഡോക്സ് വിശ്വാസ പാരമ്പര്യത്തിന് അനുസൃതമായി തെറ്റുകൾ തിരുത്തിയ വി. വേദപുസ്തകം സഭ പ്രസിദ്ധീകരിക്കുന്നതിന് നടപടികളെടുത്തിട്ടുള്ളത് ശുഭോദർക്കമാണ്. എല്ലാത്തരം അടിച്ചമർത്തലുകളെയും ദുരാരോപണങ്ങളെയും ചെറുക്കുവാൻ സഭാ വിശ്വാസ പഠന ഗ്രന്ഥങ്ങൾ (catechism on the faith) ഓരോ വിശ്വാസിക്കും ലഭ്യമാകണം.

ഇച്ഛാശക്തിയും ആത്മ നിറവുമുള്ള ആത്മീയ നേതാക്കൾ ഉണ്ടായെങ്കിലേ ഈ ദർശനങ്ങൾ പ്രാവർത്തികമാവുകയുള്ളൂ. അതിനായി പ്രാർത്ഥിക്കുന്നു.

❖



ലേഖനം

ഫാ. പി. എം. കുറിയാക്കോസ്

# ക്രൂശിൻ ചുവട്ടിലെ മാതാവ്

തുടർച്ച...

> ഇതാ! ഈ കുരിശിലാണെന്റെ ആശ്രയം. കുറ്റവാളികളെ തൂക്കിക്കൊല്ലുന്ന മരത്തടി കുറ്റമില്ലാത്തവനെ തൂക്കിയപ്പോൾ അത് രക്ഷയുടെ ആയുധവും, വിജയത്തിന്റെ കൊടിയുമായിരിക്കുന്നു. ഇനി ലോകത്തിന്റെ ചിഹ്നം ഈ കുരിശാണ് മകനേ. നീയും ഈ കുരിശിനെ പുണരൂ. നിന്റെ ആത്മ നാഥൻ ഈ കുരിശിൽ ജീവിക്കുന്നു.

ഭൂമിയുടെ മദ്ധ്യത്തിൽ നാട്ടപ്പെട്ട ക്രൂശിൽ ആസന്നമരണനായികിടക്കുന്ന തന്റെ ഓമന മകന്റെ കാൽപാദങ്ങളെ ചുംബിച്ചുകൊണ്ട് ക്രൂശിനെ കെട്ടിപ്പിടിച്ചുകിടക്കുകയാണ് യേശുവിന്റെ അമ്മ. സമയം മുമ്പോട്ട് ഓടുകയാണ്. തളർന്നു വീഴാതെ ആ അമ്മയെ ബലപ്പെടുത്തുന്നത് ആ കുരിശാണ്. തന്റെ ജീവിതത്തിൽ എന്നെന്നും താങ്ങും തണലുമായിരുന്ന ഏകജാതനായപുത്രൻ ആ കുരിശിൽ കിടക്കുന്നു. അവൻ ചെറുബാലനായിരുന്നപ്പോഴും അവന്റെ വളർത്തു പിതാവിനോടൊത്ത് പണിപ്പുരയിൽ പണിയെടുത്തവനാണ്. ആ കുഞ്ഞികൈകൾ എത്രയെത്ര തടി ഉപകരണങ്ങൾക്ക് രൂപം നൽകിയതാണ്. കഠിനാദ്ധ്വാനിയായിരുന്ന ആ കുടുംബനാഥന്റെ ആകസ്മികമായ വേർപാട് താങ്ങാനാവാതെ വന്നപ്പോഴും എന്നെ സാന്ത്വനിപ്പിക്കുവാൻ, എന്റെ കണ്ണുനീരു തുടച്ചു നീക്കുവാൻ എന്റെ മകനേ! നീ എന്നോടൊത്തുണ്ടായിരുന്നല്ലോ. മുപ്പതു വയസ്സുവരേയും എനിക്കുവേണ്ടി നീ ജീവിച്ചു പ്രവർത്തിച്ചവനല്ലേ? ആ തഴമ്പു വീണ ഉള്ളം കൈയിൽ കൂർത്തു മൂർത്ത ആണികൾ അടിച്ചു കയറ്റിയപ്പോൾ നിനക്ക് വേദനിച്ചില്ലേ? ആ കൈകളിൽ നിന്നൊഴുകുന്ന രക്തത്തിന്റെ ചൂട് എന്നെ തരളിതയാക്കുന്നു. സർവ്വ മനുഷ്യജാതിയുടേയും പാപത്തെ കഴുകിക്കളയുന്ന കളങ്കമില്ലാത്ത രക്തം അതു കുടിക്കുവാൻ നീ ജനതയ്ക്ക് നൽകിയിരിക്കുന്നുവല്ലൊ. എന്റെ പുത്രാ! നിന്റെ വളർത്തപ്പൻ എത്ര ഭാഗ്യവാൻ. ഈ ദാരുണ സംഭവം കാണാതെ കടന്നു പോയെല്ലോ. ഈ എളിയവൾക്ക് ഇതു സഹിക്കാനാവുന്നില്ല. വയ്യാ! ചങ്കു പൊട്ടുന്നു.

ആ കുരിശിൽ അമർത്തിപ്പിടിച്ചു കിടക്കുന്ന അമ്മയുടെ അരികിലേക്ക് യോഹന്നാൻ അടുത്തു ചെന്നു. അമ്മേ!യെന്ന് പല പ്രാവശ്യം വിളിച്ചു. കണ്ണു തുറന്നു. കണ്ണുനീർ ധാരധാരയായി ഒഴുകുകയാണ്. എന്തുപറയണം; എങ്ങനെ പറയണം യോഹന്നാന് ഒരു രൂപയുമില്ലാ. അമ്മേ! ഒന്നെഴുന്നേല്ക്ക്, അല്പമൊന്ന് ആശ്വസിക്കാം. ക്ലെയോപ്പാ അമ്മയും, മഗ്ദലേന അമ്മയും കാത്തിരിക്കുന്നു. അമ്മയെ കൊണ്ടുചെല്ലുവാൻ അവർ എന്നോടു പറഞ്ഞു. അമ്മേ! വരൂ. അവൻ കൈകളിൽ പിടിച്ചു. ഇല്ലാ മകനേ! ഞാൻ വരില്ല. അവർ പൊയ്ക്കൊള്ളട്ടെ. ഇനി എനിക്ക് ആരും ഇല്ലാ. ഇതാ! ഈ കുരിശിലാണെന്റെ ആശ്രയം. കുറ്റവാളികളെ തൂക്കിക്കൊല്ലുന്ന മരത്തടി കുറ്റമില്ലാത്തവനെ തൂക്കിയപ്പോൾ അത് രക്ഷയുടെ ആയുധവും, വിജയത്തിന്റെ കൊടിയുമായിരിക്കുന്നു. ഇനി ലോകത്തിന്റെ ചിഹ്നം ഈ കുരിശാണ് മകനേ. നീയും ഈ കുരിശിനെ പുണരൂ. നിന്റെ ആത്മ നാഥൻ ഈ കുരിശിൽ ജീവിക്കുന്നു.


ഹോ! ഞാനീ കേൾക്കുന്നതെന്ത്? മരണത്തോടു മല്ലിടുന്ന അതിവേദന കൊണ്ടു പുളയുന്ന ഒരു മനുഷ്യനെയാണോ നിങ്ങൾ നിന്ദിക്കുന്നത്. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നത്താൻ രക്ഷിപ്പാൻ കഴിയാത്തതെന്ത്? നീ ദൈവപുത്രനെങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങിവാ. മൂപ്പന്മാരും, പരീശന്മാരുമെല്ലാം അവനെ പരിഹസിക്കയാണല്ലൊ. മനുഷ്യന്റെ ഹൃദയ കാഠിന്യം എത്ര ഭീകരമായിരിക്കുന്നു. മരിക്കുവാൻ കിടക്കുന്ന ദുഷ്പ്രവൃത്തിക്കാരനും അവനെ പുച്ഛിക്കുകയാണ്. യേശുവേ! നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നേയും ഓർക്കണമേ!യെന്ന് കരഞ്ഞ് അപേക്ഷിക്കുന്നവനോട് പറയുന്ന മധുരമായ ശബ്ദം. ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും. ഞാൻ എന്താണീ കേൾക്കുന്നത്. സകല മ്ലേച്ഛതകളും പ്രവർത്തിച്ചവനെ ഒറ്റ നിമിഷത്തെ ഹൃദയ തകർച്ചയുടെ പ്രാർത്ഥന കൈക്കൊണ്ട് പറുദീസായിലേക്ക് നീ വാതിൽ തുറന്നു കൊടുക്കുന്നുവോ? എന്റെ മകനേ! എന്നേയും കൂടെ നീ നിന്റെ കൂടെ കൊണ്ടുപോകില്ലേ? നീയില്ലാതെ ഞാൻ ഇനി എന്തിന് ഈലോകത്തിൽ ജീവിക്കണം." "ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ലാ"യെന്ന് മസുമൂറിൽ ഞാൻ എത്രപ്രാവശ്യം ചൊല്ലിയിട്ടുണ്ട് നീ എത്ര പ്രാവശ്യം കേട്ടിട്ടുണ്ട്. ഇപ്പോൾ ഈ നുറുങ്ങിയ ഹൃദയത്തെ നീയും നിരസിക്കുകയാണോ? എന്റെ പ്രത്യാശ മുഴുവൻ തകരുകയാണോ? ഇല്ലാ ഈ കുരിശിൽ നിന്നും ഞാൻ പിടിവിടുകയില്ല. നീ മരിച്ചാലും ഈ കുരിശിൽ ജീവിക്കും. ഇതിൽ ജീവിക്കുന്ന നിന്നെ ഞാനെന്നും കാണും. എന്നെ കൈവിടരുതേ!

❖

## പാവനസ്മരണയ്ക്ക്

**18-ാം ചരമവാർഷികം**

**24-09-2004**



# REV. FR. YAKKOOB O.I.C.

## Bethany Ashramam, R. Perunad

*Inserted by:-*

സന്തപ്ത കുടുംബാംഗങ്ങൾ

# വിശ്വാസപാഠം

*അപ്പം നുറുക്കൽ ബലിയല്ല എന്ന് പെന്തക്കോസ്തുകാർ പറയുന്നത് ശരിയാണോ എന്ന ജിജോ ഡാനിയേലിന്റെ ചോദ്യത്തിനു മറുപടിയായിട്ടാണ് ഈ ലഘുലേഖനം എഴുതുന്നത്.*

ശരിയാണ്. പെന്തക്കോസ്തുകാരുടെ അപ്പം നുറുക്കൽ പരിപാടി ബലിയല്ല. കാരണം, വ്യക്തവും സുദൃഢവുമായ സഭാശാസ്ത്രമോ കൂദാശാ ശാസ്ത്രമോ അവർക്കില്ല എന്നതുതന്നെ. വി. വേദപുസ്തകത്തിലെ മുറിവാക്യങ്ങൾ മാത്രം ഉപയോഗിച്ചു 'സഭാജീവിതം' നയിക്കുന്നവർക്ക് അപ്പം നുറുക്കലിനെ ബലിയായി അനുഷ്ഠിക്കുവാൻ പറ്റുകയില്ല- എന്നാൽ പുരാതന സഭകൾ കൗദാശിക ജീവിതം ഉള്ളവരായതുകൊണ്ട് വെറുതെ അപ്പം നുറുക്കി ദൈവാരാധന നടത്താറില്ല. വി. കുർബ്ബാനയുടെ അനുഷ്ഠാനമാണുള്ളത്.

സഭാജീവിതമെന്നതു യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വ്യാപാരരഹസ്യങ്ങളിലുള്ള വിശ്വാസികളുടെ സജീവ പങ്കാളിത്തമാണ്. നിത്യമഹാപുരോഹിതനായ (എബ്രായ 6:20 7:3, ഉല്പത്തി 14:18) ക്രിസ്തുവിന്റെ ശരീരമായ സഭ അദ്ദേഹത്തിന്റെ പൗരോഹിത്യത്തിന്റെ പങ്കാളിത്തത്തിൽ ജീവിക്കുന്ന രാജകീയ പുരോഹിതവർഗ്ഗം ആണ് (1 പത്രോ. 2:9). യേശുക്രിസ്തു ഒരിക്കൽ എന്നെന്നേക്കുമായി കാൽവറി ക്രൂശിൽ യാഗമായി എങ്കിൽ ആ യാഗം സഭാമക്കളുടെ വർത്തമാനകാല ജീവിതത്തിന്റെ അനുഭവമാകേണ്ടത് അത്യാവശ്യമാണ്. ഇതാണ് വി. കുർബ്ബാന എന്ന കൂദാശകളുടെ കൂദാശ. ഇതിൽ ഭൂതകാലവും വർത്തമാനകാലവും വരുവാനുള്ള കാലവും സംയോജിക്കണം. നമ്മൾ അർപ്പിക്കുന്ന വി. കുർബ്ബാനയിലെ പ്രാർത്ഥനകളും പാട്ടുകളും ശ്രദ്ധയോടെ വായിച്ചു നോക്കിയാൽ ഇതു മനസ്സിലാക്കാവുന്നതേയുള്ളു. ഇതു വ്യക്തിപരമായ ഒരു ഓർമ്മയോ നോക്കിപ്പാർക്കലോ ആയി മനസ്സിലാക്കരുത്. വിശ്വാസികളുടെ സമൂഹം മുഴുവൻ നൂറ്റാണ്ടുകളായി സൂക്ഷിക്കുന്ന ഓർമ്മയും സഭയുടെ ആഴമായ പ്രത്യാശയുമാണ്.

വി. കുർബ്ബാനയ്ക്കു ബലി അഥവാ യാഗം എന്ന വിശേഷണം രണ്ടാം നൂറ്റാണ്ടിൽത്തന്നെ നൽകി തുടങ്ങിയതാണ്. എന്നെന്നേക്കുമുള്ളതും അതുല്യവുമായ പരമയാഗത്തിലുള്ള വിശ്വാസികളുടെ പങ്കാളിത്തം വി. കുർബ്ബാനയിലൂടെ നാം അനുഭവിക്കുന്നു. ഇതു നമ്മെത്തന്നെ ബലിയായി ദൈവ സന്നിധിയിൽ സമർപ്പിക്കുവാനുള്ള അവസരം കൂടിയാണ് (റോമർ 12:1-ൽ നമ്മെ യാഗമായി സമർപ്പിക്കുവാൻ പ. പൗലൂസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നതു ശ്രദ്ധിക്കുക).

അപ്പവും വീഞ്ഞുമാണ് ലോകമെമ്പാടുമുള്ള സഭകളെല്ലാം വി. കുർബ്ബാനയിൽ അർപ്പിക്കുന്നത്. ഇതു കർത്താവിന്റെ കല്പനയോടു (മത്താ. 26:26-28; മർക്കോ. 14:22-24; ലൂക്കോ. 22:19-20; 1 കൊരി. 11:23-25) അനുരൂപപ്പെടുക എന്നതിന് മാത്രമല്ല; കർത്താവ് ഇതിനു കൊടുത്ത ആന്തരീക അർത്ഥം മനസ്സിലാക്കാൻ വേണ്ടി കൂടിയാണ്. അപ്പവും വീഞ്ഞും മനുഷ്യരുടെ അദ്ധ്വാനഫലമാണ്. ഭൂമിയിൽ മനുഷ്യൻ വിയർപ്പൊഴുക്കുന്നതിന്റെ ഫലമായി ഭൂമി കനിഞ്ഞു നൽകുന്ന ഫലങ്ങളാണ് അപ്പവും വീഞ്ഞുമായി നന്ദിയോടുകൂടി ദൈവ സന്നിധിയിൽ സമർപ്പിക്കുന്നത്. (അതുകൊണ്ട് വി. കുർബ്ബാനയ്ക്ക് സ്തോത്ര യാഗം (Eucharist) എന്ന അർത്ഥവും ഉണ്ട്.

കർത്താവ് അപ്പവും വീഞ്ഞും തൃക്കൈകളിൽ എടുത്ത് 'എന്റെ ശരീരം' എന്നും 'എന്റെ രക്തം' എന്നും അരുളിച്ചെയ്യുകയും (മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദ വാക്യങ്ങൾ ശ്രദ്ധിക്കുക) "സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങളിൽ ജീവനുണ്ടായിരിക്കയില്ല" (യോഹ. 6:53) എന്ന് അനുശാസിക്കുകയും ചെയ്യുന്നത് അനുസരിക്കാത്തവർക്കെല്ലാം ഇത് വെറും അപ്പം നുറുക്കലായിരിക്കും. സർവ്വ വ്യാപിയും സർവ്വശക്തനുമായവൻ ഒരു കന്യകയിലൂടെ ജനിച്ചു എന്നും അവൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ യേശുക്രിസ്തുവാണെന്നും വിശ്വസിക്കുന്നവർക്കു മാത്രമേ വി. കുർബ്ബാന ബലിയും സ്തോത്രവും ആണെന്നു മനസ്സിലാകുകയുള്ളു. അതുകൊണ്ടു വേദപുസ്തകം മുഴുവനും നല്ലതുപോലെ വായിക്കുകയും ഓരോ വിഷയം സംബന്ധിച്ചു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അവയുടെ സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റാതെ വ്യാഖ്യാനിക്കുകയും ചെയ്യുക. മുറിവാക്യങ്ങളും യുക്തിയും ചേർത്തു വിശ്വാസം പ്രഘോഷിക്കരുത്!

ജെ. പി.

*For Favours Received*





Thankamma,
Goa

*For Favours Received*



Ammini George, Thachirethu
Maniyar, Punalur

# ബാലസഭ

## നടവഴികൾ...

### തലേവര

സിന്ദാബാ.... സിന്ദാബാ...

കോളേജിന്റെ ചുവരുകൾ മുഴക്കികൊണ്ട് മുദ്രാവാക്യം മുഴങ്ങുന്നു.

"ഹായ് ഇന്നു സമരമാ.. വാടാ നമുക്ക് കോളേജ് വഴി കേറിപ്പോകാം ചേട്ടന്മാരോട് പറയാം താഴെ നമ്മുടെ സ്ക്കൂളിലും വരാൻ..."

"അതിനവന്മാര് പോയിട്ടുണ്ട്." ആരാ?

"ആ ജേക്കബും പാർട്ടിയും... കോശി ഉമ്മനും നസീറുമൊക്കെ കൂടെയുണ്ട്. "എന്റെ കഷ്ടപ്പാട് നിങ്ങളെ സന്തോഷത്തിനുവേണ്ടി" ഒരു ചിരിയോടെ ജേക്കബ് ഓടി വന്നു "വരും വരും സമരക്കാര് വരും"

കോളജിനോട് ചേർന്ന് സ്ക്കൂളു വന്നാലുള്ള ഗുണം ഇതൊക്കെയേ ഉള്ളൂ; സമരമൊന്നും പാഴാകാതെ നമുക്കും കിട്ടും"

ഒന്നാം മണിയടിച്ച് അസംബ്ലിയും കഴിഞ്ഞ് ക്ലാസ്സു തുടങ്ങി മഴ കാക്കുന്ന വേഴാമ്പലിനെപ്പോലെ എല്ലാവരും സമരവും പ്രതീക്ഷിച്ചാണിരുപ്പ്. ദൂരെ ശബ്ദം മുഴങ്ങി കേൾക്കുന്നു.

"പറയു പറയു സർക്കാരേ"

"പിന്നെ... നീയൊക്കെ ഇവിടെക്കിടന്ന് തൊണ്ട കാറിയാൽ സർക്കാരെങ്ങനെയാ പറയുന്നത്"? മലയാളം പഠിപ്പിക്കുന്ന മറിയാമ്മ സാറിന് പണ്ടേ സമരക്കാരെ കണ്ണിന് കണ്ടു കൂടാ, സമരക്കാർ സ്ക്കൂളിനടുത്തെത്തി അധികം അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ദാനിച്ചേട്ടൻ കൂട്ട മണിയടിച്ചു ണിം. ണിം. ണം.....

സ്ക്കൂൾ മുഴുവൻ ഇരമ്പിയിറങ്ങി.

"ഹിന്ദി ടെസ്റ്റ് പേപ്പർ ഒഴിവായിക്കിട്ടി" "അതു പിന്നേം സഹിക്കാം ഇംഗ്ലീഷു ഗ്രാമറാ കടുപ്പം" "വേഗം വാ ബസിനിന്ന് ഇടിയുടെ മേളമായിരിക്കും" കാര്യം പറച്ചിലുകൾക്കിടയിൽ കൈകൂപ്പി വീണ്ടും ജേക്കബ് വരുന്നു

"ആരാ സമരം കൊണ്ടു വന്നതെന്നറിയാമോ?... എന്റെ കഷ്ടപ്പാട്, നിങ്ങളുടെ സന്തോഷം...."

"കുറച്ചു നേരം ആ വാ[illegible] അടക്കി വയ്ക്ക്". സുഷമ മുന്നറിയിപ്പ് നൽകി.

"സുഷമ സ്വരാജ്.... ആകാശ വാണീ.. കോശി ഉമ്മൻ പിന്തുണ പ്രഖ്യാപിച്ചു തിരിച്ചടിച്ചു"

"എടാ ടീച്ചറ് വരുന്നു." റാലി പോലെ നടന്നു വന്ന ആൾക്കൂട്ടം നിശ്ശബ്ദമായി. അമ്മിണി ടീച്ചർ വേഗത്തിൽ നടന്നു വരികയാണ് ഒരു ചെറു ചിരിയോടെ ടീച്ചർ പറഞ്ഞു വച്ചു.

"നീയൊക്കെ സമരത്തിന്റെ രസത്തിലാണിപ്പോ. അടുത്തയാഴ്ച വീണ്ടും ഹിന്ദി ടെസ്റ്റു പേപ്പർ നടത്തും. അന്നീ സമരക്കാര് വരില്ല. ഓർത്തോണം ജേക്കബ് പ്രത്യേകം ശ്രദ്ധിച്ചോ കാരണം നീയാ ക്ലാസ്സില് ഹിന്ദിക്ക് മുൻ പന്തിയിൽ. പത്താം ക്ലാസ്സിലെ ഹിന്ദിക്ക് തോറ്റാൽ തലേവര മാറിപ്പോകും." എല്ലാവരും ആർത്തു ചിരിച്ചു. കാരണം ക്വസ്റ്റ്യൻ ചോദിക്കുമ്പോഴെല്ലാം വടിപോലെ മുൻബഞ്ചിൽ എഴുന്നേറ്റു നില്ക്കുന്ന പതിവാണ് ജേക്കബിന്.

"ടീച്ചർ, ജേക്കബിന്റെ കഷ്ടപ്പാടാ ഞങ്ങടെ സന്തോഷം. അതൊന്നു കണ്ടാൽ മതി." സുഷമ അവസരം പാഴാക്കിയില്ല.

"ഓയ്...... നടു റോഡിൽ പിള്ളേർ ആർത്തലച്ചു" "ശ്ശോ മിണ്ടാതെ പിള്ളാരേ റോഡാ ഇത്". അമ്മിണി ടീച്ചർ വായ് പൊത്തി ഓർമ്മിപ്പിച്ചു.

അന്നു വൈകുന്നേരമാണ് എല്ലാ ഹിന്ദി അക്ഷരങ്ങളുടെ തലയിലും ഒരു വരയുണ്ടെന്ന് ജേക്കബ് കണ്ടു പിടിച്ചത്.

**തോമസ് പി. ശെമ്മാശ്ശൻ, കൊട്ടാരക്കര**

## വചനപാത...

"ഒരുത്തൻ പണിത പ്രവൃത്തി നില നില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും."

(1 കൊരിന്ത്യർ 3:14)

## വേഗത്തിൽ പറയുവാൻ നാവു വഴങ്ങുമോ?

"മണി കപ്യാർ കിലുക്കി

വള കുട്ടി കുലുക്കി"

പ്രിയപ്പെട്ട കൂട്ടുകാരേ,

എല്ലാവരും ഓണം ഭംഗിയായി ആഘോഷിച്ചു കാണുമല്ലോ. ആദ്യടേം പരീക്ഷയുടെ റിസൾട്ട് അറിയുന്ന സമയമാണല്ലോ. ആദ്യ മൂന്നുമാസക്കാലത്തെ പഠനം വിലയിരുത്തുന്നതാണ് പരീക്ഷാഫലം. ഈ അദ്ധ്യയന വർഷത്തിലെ ആരംഭത്തിൽ വന്നുപോയ വീഴ്ചകൾ തിരുത്തുവാനുള്ള അവസരവുമാണ്. ഛത്തീസ്ഗഢിലെ റായ്പ്പൂരിൽ നിന്നാണ് ശെമ്മാശൻ ഈ കത്ത് എഴുതുന്നത്. ഇവിടെ പവാർ എന്ന വിദ്യാർത്ഥിയെ ഞാൻ പരിചയപ്പെട്ടു. വീട്ടിലെ ദാരിദ്ര്യം കാരണം അവന് പഠിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ഈയടുത്ത സമയത്ത് സന്നദ്ധ സംഘടനാ പ്രവർത്തകർ ചേർന്ന് അവനെ പഠിക്കുവാൻ വിട്ടു. വളരെ സമർത്ഥമായി പഠിക്കുന്ന അവൻ ക്ലാസിൽ ഒന്നാമനാണ്. കൂട്ടുകാർക്ക് പഠിക്കുവാൻ ധാരാളം അവസരമുണ്ട്. അതുകൊണ്ട് അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കുക. ഹേലനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെത്തിയതിനെ അനുസ്മരിച്ചുകൊണ്ട് സഭ സ്ലീബാപ്പെരുന്നാൾ ആഘോഷിക്കുകയാണല്ലോ. കുരിശിന്റെ സന്ദേശമായ ത്യാഗത്തെയും അതുമൂലമുള്ള രക്ഷണ്യ പ്രവൃത്തിയെയും കൂട്ടുകാർ അനുസ്മരിക്കുമല്ലോ.

### പാഠം – 8 സൗമ്യത

ആത്മാവിന്റെ എട്ടാമത്തെ ഫലമായ സൗമ്യതയെപ്പറ്റി കേൾക്കുമ്പോൾ കൂട്ടുകാരുടെ മനസ്സിൽ ഓടിയെത്തുന്ന ഒരു വേദവാക്യമുണ്ട്. "സൗമ്യതയുള്ളവർ ഭാഗ്യവാൻമാർ. അവർ ഭൂമിയെ അവകാശമാക്കും." (വി. മത്തായി 5:5) യേശുതമ്പുരാൻ സൗമ്യത എന്ന ഭാവത്തിന് നൽകുന്ന പ്രാധാന്യമാണ് ഗിരിപ്രഭാഷണത്തിലെ ഈ ഭാഗം ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യൻ ഒരു സമൂഹ ജീവിയാണല്ലോ. സാമൂഹ്യ ജീവിതത്തിൽ ബന്ധങ്ങളെ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മുതിർന്നവരോടും, സമപ്രായക്കാരോടും എളിയവരോടും ഇടപെടേണ്ടത് സൗമ്യതയോടെ വേണം. ക്രിസ്ത്യാനിയെ സമൂഹം തിരിച്ചറിയേണ്ടത് ഒരുവനിൽ വിളങ്ങുന്ന സൗമ്യത എന്ന ഭാവം മുഖേന ആയിരിക്കണം. സൗമ്യതയില്ലാത്ത അവസ്ഥ ഗർവ്വിന്റെ ഭാവമാണ്. ഗർവ്വ് കാപട്യമാണ് വെളിവാക്കുന്നത്. സൗമ്യത നിഷ്കളങ്കതയുടെ ഭാവമാണ്. നല്ല സമൂഹത്തിന്റെ വളർച്ചയ്ക്ക് സൗമ്യതയാവശ്യമാണ്. വരുന്ന കാലത്തിന്റെ പ്രതീക്ഷയാണല്ലോ കൂട്ടുകാർ. അതുകൊണ്ട് നല്ല സമൂഹം കെട്ടിപ്പടുക്കുന്നതിന് സൗമ്യത ശീലിക്കണം. അപ്പോൾ മാത്രമേ നമ്മൾ നേടുന്ന വിദ്യാഭ്യാസം അർത്ഥവത്താകൂ. തലയുയർത്തി നിൽക്കുന്ന പതിരിനേക്കാൾ ശ്രേഷ്ഠതയും മൂല്ല്യവും തലതാഴ്ത്തി നിൽക്കുന്ന കതിരിനാണ്. ഈ കാലം പ്രതീക്ഷിക്കുന്നത് സൗമ്യതയുടെ കതിരുകളാണ്. പ്രതീക്ഷയ്ക്കൊത്തു വളരുവാൻ കൂട്ടുകാർക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

**സ്നേഹപൂർവ്വം,**

**തരകൻ ശെമ്മാശൻ, തേവലക്കര**

## കൂട്ടുകാരുടെ രചനകൾ



ജേക്കബ് കോശി റ്റി. (15)
തുണ്ടത്തിൽ



അന്നാ സൂസൻ കോശി (7)
തുണ്ടത്തിൽ

## ബുദ്ധിമാൻ



# സഭയുടെ രൂപവത്ക്കരണവും കൾട്ടുകളുടെ അപകടവും

**ഫാ. ജോണി ജോർജ്ജ്,**
(സീനിയർ ചാപ്ലയിൻ, കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി)

**യേ**ശുക്രിസ്തു മരിച്ചുയർത്തു. ശിഷ്യന്മാർ ആദ്യം ചിതറിപ്പോയെങ്കിലും പിന്നീടവർ പ്രാർത്ഥനയ്ക്കായി കൂടിവന്നു. പെന്തിക്കോസ്തി പുതിയൊരനുഭവത്തിന് തുടക്കം കുറിച്ചു. അനേകർ സഭയിലേക്ക് ആകർഷിക്കപ്പെട്ടു. ആരാധനയ്ക്കായി അവർ ഒന്നിച്ചുകൂടി. അവരുടെ ജീവിതത്തിന് മൂന്നു കാര്യങ്ങൾ അടിസ്ഥാനമായിരുന്നു. 1) യേശുക്രിസ്തുവിലുള്ള വിശ്വാസം 2) മാമോദീസാ 3) വി. കുർബ്ബാന അനുഷ്ഠാനം. യറുശലേമിൽ രൂപപ്പെട്ടു വന്ന സഭ മറ്റു സ്ഥലങ്ങളിലേക്ക് വ്യാപരിച്ചു. വിശ്വാസികളുടെ ചെറിയ സമൂഹങ്ങൾ വ്യത്യസ്തതലങ്ങളിൽ കൂട്ടായ്മയ്ക്കും ആരാധനയ്ക്കുമായി സമ്മേളിച്ചു. അവർ മാർഗ്ഗവാസികളായിരുന്നു. യേശുക്രിസ്തുവിന്റെ അനുയായികൾ എന്നവർ സ്വയം വിശേഷിപ്പിച്ചു. അവർ മനസ്സിലാക്കിയിരുന്നതുപോലെ ക്രിസ്തുവിന്റെ അനുശാസനങ്ങളെ ആചരിക്കുകയും ചെയ്തു. സുവിശേഷങ്ങൾ, അപ്പസ്തൊല പ്രവൃത്തികൾ, പൊതുവിന് എഴുതപ്പെട്ട ലേഖനങ്ങൾ, പൗലോസ് ശ്ലീഹായുടെ എഫേസ്യ-കൊലോസ്യ ലേഖനങ്ങൾ എന്നിവയെ മുഖ്യമായും ആധാരമാക്കിയാണ് അവർ ജീവിച്ചു പോന്നത്. ചില കൂട്ടായ്മകൾ മോശൈക ന്യായപ്രമാണത്തിനും യഹൂദ ആചാര രീതികൾക്കും പ്രാധാന്യം കൊടുത്തപ്പോൾ മറ്റു ചിലർ സഭയെ ഒരു സംഘടന എന്ന രീതിയിൽ കെട്ടിപ്പെടുക്കുന്നതിനും ക്രിസ്തീയ പ്രബോധനത്തിനും (structure and teaching) ആണ് ഊന്നൽ നല്കിയത്. യോഹന്നാന്റെ സുവിശേഷത്തെയും ലേഖനങ്ങളേയും ആധാരമാക്കി ജീവിച്ചവർ ഇങ്ങനെയുള്ള രീതികൾക്ക് പ്രാധാന്യം കൊടുത്തിരുന്നില്ല. അവർ പരിശുദ്ധാത്മാവ് നയിക്കുന്നതനുസരിച്ച് ജീവിക്കുന്നു എന്ന് വിശ്വസിച്ചവരാണ്. ഈ സമൂഹങ്ങളുടെയെല്ലാം വളർച്ചയെ അന്നത്തെ ഗ്രേക്കോ-റോമൻ സംസ്ക്കാരം സ്വാധീനിക്കുകയും ചെയ്തിരുന്നു.

സഭ വളർന്നപ്പോൾ പുതിയ സംഘടനാരീതികളും നിയന്ത്രണങ്ങളും ആവശ്യമായി വന്നു. അന്ന് നിലവിലിരുന്ന പല പ്രതീകങ്ങളും ആചാരാനുഷ്ഠാന രീതികളും സഭയിൽ സ്വീകരിക്കപ്പെട്ടു. പല നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ട സാഹചര്യവുമുണ്ടായി. നിയമങ്ങളും നിയമ സംഹിതകളും ക്രോഡീകരിക്കപ്പെട്ടു. അതെല്ലാം സഭയുടെ തനിമ കാത്തു സൂക്ഷിക്കാൻ ആവശ്യമായിരുന്നു. എങ്കിലും വേദപുസ്തകം നൽകുന്ന കേന്ദ്രീകൃത ദൂത് പൂർണ്ണമായി ഉൾക്കൊള്ളാൻ ആർക്കും സാധിച്ചില്ല എന്നതാണ് വാസ്തവം.

ക്രിസ്തീയമാർഗ്ഗം പിൻതുടരാനുള്ള ആദിമ ക്രിസ്ത്യാനികളുടെ തീവ്രമായ ആഗ്രഹത്തിന്റെ ഫലമായി പലപ്പോഴും ഭാഗികമായ സത്യമേ അവർക്ക് ഉൾക്കൊള്ളാനായുള്ളൂ. തന്മൂലം അവർ അറിഞ്ഞ മാർഗ്ഗത്തിനനുസൃതമായി ജീവിക്കാൻ തുടങ്ങി. ഇത് പല വേദവിപരീതങ്ങളിലേക്കും അവർ നയിക്കപ്പെടാൻ കാരണമായി. അന്ന് നിലവിലിരുന്ന സാംസ്ക്കാരിക പശ്ചാത്തലത്തിൽ, വിശ്വാസത്തെ ആധാരമാക്കി സന്തുലിതമായ ഒരു ജീവിതചര്യയും ആരാധനാരീതിയും എങ്ങനെ രൂപപ്പെടുത്താം എന്നതിനേക്കുറിച്ച് ചിന്തിക്കേണ്ട സാഹചര്യം തന്മൂലം സംജാതമായി.

ഈയൊരു പശ്ചാത്തലത്തിൽ സഭാനേതാക്കന്മാർ ഒന്നിച്ചുകൂടി. ഇങ്ങനെയുള്ള സമ്മേളനങ്ങൾ സുന്നഹദോസ് അല്ലെങ്കിൽ സിനഡ് എന്ന പേരിലാണ് അറിയപ്പെട്ടത്. ഈ സിനഡുകൾ വേദശാസ്ത്രപരവും വേദപുസ്തകപരവുമായ ഒരു നല്ല അടിസ്ഥാനം രൂപപ്പെടുത്തിയെടുത്തു. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭ, അവന്റെ ജീവിതത്തിനും മിഷനും അനുയോജ്യമായ ജീവിതം നയിക്കണമെന്നതായിരുന്നു തീരുമാനങ്ങൾക്ക് ആധാരമായിരുന്നത്. വേദപുസ്തകത്തിന് മൊത്തത്തിലുള്ള ഒരു സന്ദേശമുണ്ട്. ദൈവമാണ് എല്ലാറ്റിന്റേയും സ്രഷ്ടാവ്. ദൈവം സ്വന്ത സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യൻ പാപം ചെയ്തു. ദൈവം അവനെ രക്ഷിക്കാൻ സ്വന്തപുത്രനെത്തന്നെ ലോകത്തിലേക്കയച്ചു. അവൻ ക്രൂശേറി മരണം വരിക്കുകയും മൂന്നാം ദിവസം ഉയിർക്കുകയും ചെയ്തു. അവൻ വീണ്ടും വരും. ഈ പ്രത്യാശയോടെ മനുഷ്യൻ ജീവിക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാ സത്യത്തിലും അവനെ നയിക്കും. ഈ രക്ഷാസന്ദേശം ലോകത്തിന് നൽകി അതിനനുസരിച്ചുള്ള ജീവിതം നയിച്ച് ത്രിത്വാധിഷ്ഠിതമായ ആരാധന നടത്തി ദൈവത്തെ മഹത്വപ്പെടുത്തുകയും വേണം. അതിന്റെ പ്രതിഫലനം ധാർമ്മികാടിസ്ഥാനത്തിൽ നയിക്കപ്പെടുന്ന ജീവിതത്തിൽ കൂടി വെളിപ്പെടുത്തണം.

എന്നാൽ ഇങ്ങനെയുള്ള ശിക്ഷണ ജീവിതത്തിന് (structured life) എതിരായ പഠിപ്പിക്കലും വെല്ലുവിളികളും ആരംഭം മുതൽ തന്നെ ഉണ്ടായി. സഭയുടെ പൊതു താല്പര്യത്തിനും ജീവിത-വിശ്വാസ രീതികൾക്കുമെതിരായി അവർ സ്വയം വേദപുസ്തകം വ്യാഖ്യാനിക്കുകയും ദൈവശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്തു. ഇത് വ്യക്തി പൂജയിലധിഷ്ഠിതമായ മതോപാസനയ്ക്ക് (cult) കാരണമായി. അംഗീകരിക്കപ്പെട്ട സഭാ വിശ്വാസത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും എതിരായി ഇവർ പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക മാത്രമല്ല, സമൂഹത്തിന്റെ മുഖ്യധാരയ്ക്ക് എതിരായി പുറം തിരിഞ്ഞ് നില്ക്കുകയും ചെയ്തു.

കൾട്ടിന് പല വശങ്ങളുണ്ട്. ഇവിടെ ഒരു കാര്യം മാത്രം എടുത്തു കാണിക്കുന്നു. "....In modern usage, however, the word cult most frequently denotes a group, usually religious or pseudo-religious in nature, that exhibits the following characteristics; it deviates sharply from and strongly rejects the prevaling culture; it is dominated by a highly charismatic leader who often proclaims him or herself to be devine or to have special access to the divinity; it exacts total commitment from its followers including the commitment of time and money; it is aggressive in its efforts to recruit new members, sometimes resorting to manipulative techniques of persuation, as opposed to the conversion of potential adherents" (A dictionary of Christian Theololgy Edited by Alan Richardson & John Bowden, SCM press).

നിലവിലിരിക്കുന്ന സാംസ്ക്കാരിക പാരമ്പര്യത്തിനും രീതികൾക്കുമെതിരായി നിൽക്കുകയും, ദൈവവുമായി പ്രത്യേക ബന്ധമുണ്ടെന്ന് പറയുകയും ചിലപ്പോൾ ദൈവികത്വം തങ്ങൾക്കുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ അനുഗാമികളുടെ സമയം, പണം എന്നിവ ഉൾപ്പെടെ പൂർണ്ണ വിധേയത്വം ആവശ്യപ്പെടുകയും അവരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും സ്പർശിക്കുന്ന തത്വങ്ങളെ രൂപപ്പെടുത്തുകയും പുതിയ അംഗങ്ങളെ ഒരു തരം ആക്രമണ സ്വഭാവത്തോടെ അവരുടെ ഗ്രൂപ്പിലേക്ക് ചേർക്കുകയും ചെയ്യുന്നു. അതിനുവേണ്ടി കൗശലമോ, കൃത്രിമമോ ആയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. വ്യക്തിയുടെ യഥാർത്ഥമായ മാനസാന്തരത്താലല്ല ഈ മാറ്റം സാദ്ധ്യമാക്കിത്തീർക്കുന്നത്. ഇതാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്.

**അതേ സമയത്ത് മതങ്ങളുടെ അധഃപതനമാണ് പല കൾട്ടുകൾക്കും വഴിയൊരുക്കുന്നത്. പ്രത്യേകിച്ച് സഭയിൽ അത് പ്രകടമാണ്. വിശ്വാസികളുടെ ആത്മീയ ജീവിതത്തെ അവഗണിക്കുകയും ഭൗതികമായ അധികാരത്തിനും വളർച്ചയ്ക്കും പ്രാധാന്യം കൊടുക്കുകയും ചെയ്യുമ്പോൾ ആത്മീയ പോഷണം കിട്ടുന്നവയെ ലക്ഷ്യമാക്കുകയും അങ്ങോട്ട് ചായുകയും ചെയ്യും. പള്ളിപ്പെരുന്നാളും തീർത്ഥാടനവും ഒക്കെ കൾട്ടായി മാറുമ്പോഴും ഈ അപകടം ഉണ്ടാവും. ജീവിതഭാരം അനുഭവിക്കുന്നവർക്ക് ആശ്വാസവും സ്വസ്ഥതയും പ്രത്യാശയും ലക്ഷ്യബോധവും നൽകുകയാണ് കൾട്ടിനെ നേരിടാനുള്ള മുഖ്യ ഉപാധി.**

നാമിന്നു കാണുന്ന എല്ലാ കൾട്ടുകളുടേയും സ്വഭാവം ഇതു തന്നെയാണെന്ന് പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. വേദപുസ്തകം അവർ വ്യാഖ്യാനിക്കുക മാത്രമല്ല, എബ്രായ-സുറിയാനി ഗ്രീക്കു ഭാഷകൾ വശമില്ലെങ്കിലും സ്വയമായി ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്യും. വേദപുസ്തക പഠനത്തിനും വ്യാഖ്യാനത്തിനും അടിസ്ഥാനമായിരിക്കേണ്ട ദൈവശാസ്ത്ര-വേദപുസ്തകപഠനമൊന്നും അവർക്ക് ആവശ്യമുള്ള ഘടകങ്ങളല്ല. ഇന്ന് ലഭ്യമായ ശാസ്ത്രീയ പഠനങ്ങളൊന്നും അവരെ സംബന്ധിച്ച് സംഗതമല്ല. തന്മൂലം അവരുടെ അറിവും പഠിപ്പിക്കലും പലപ്പോഴും വേദപുസ്തക സത്യങ്ങൾക്ക് അന്യമാണ്.

വേദപുസ്തകത്തിലെ ഓരോ പുസ്തകവും വ്യത്യസ്തമായ സാഹചര്യങ്ങളിൽ പ്രത്യേകമായ ദൈവികവെളിപ്പെടുത്തലുകൾ വിവിധ സമൂഹങ്ങൾക്ക് നൽകുവാൻ വേണ്ടി എഴുതപ്പെട്ടവയാണ്. വിശ്വാസികളുടെ ആവശ്യമനുസരിച്ചാണ് പരിശുദ്ധാത്മ പ്രേരിതമായി അവ എഴുതപ്പെട്ടത്. സഭ ഔദ്യോഗികമായി പിന്നീടവയെ ക്രോഡീകരിച്ചു. സഭ നൽകുന്ന ഒരു വിശ്വാസമുണ്ട്. ആ വിശ്വാസത്തെ പ്രകടമാക്കുവാൻ വേണ്ടിയാണ് വേദപുസ്തകം ക്രോഡീകരിക്കപ്പെട്ടത്. അതുകൊണ്ട് ആ ചട്ടക്കൂട്ടിലൊതുങ്ങി നിന്നുകൊണ്ടു വേണം വേദപുസ്തകത്തെ വ്യാഖ്യാനിക്കാൻ. എങ്കിൽ മാത്രമെ യാഥാർത്ഥ വിശ്വാസത്തിന് അത് അനുരൂപമാവുകയുള്ളു.

സമൂഹത്തിന്റെ പാരമ്പര്യങ്ങൾക്ക് (Traditions) എതിരായ വ്യക്തിഗതങ്ങളായ പഠിപ്പിക്കലുകൾ സ്വാർത്ഥതയിൽ നിന്നുയരുന്നതാണ്. വ്യക്തി താൽപ്പര്യങ്ങളും മാന്യസ്ഥാനം നിലനിർത്താനുള്ള തത്രപ്പാടുമാണ് പല കൾട്ടുകൾക്കും ആധാരമായിരിക്കുന്നത് ശരിയായ വിശുദ്ധി ആരെയും സ്വാർത്ഥതയ്ക്ക് അടിമയാക്കുന്നില്ല. പരുമല തിരുമേനി പരിശുദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ കൾട്ടുണ്ടാക്കിയില്ല. അദ്വൈതസിദ്ധാന്തത്തെ വിപുലീകരിച്ചു നൽകി, അനേകരെ ദൈവോന്മുഖരാക്കിയ ആദിശങ്കരൻ, തന്നെ പൂജിക്കുന്ന അനുയായികളെ ഉണ്ടാക്കിയില്ല. നിത്യ ചൈതന്യയതി ഒരു കൾട്ടുണ്ടാക്കാൻ ശ്രമിച്ചില്ല. മദർ തെരേസയും അപ്രകാരം തന്നെ. എന്നാൽ ആചാര്യ രജനീഷിനെപ്പോലുള്ളവർ ജീവിച്ചിരുന്ന കാലത്തു തന്നെ ഒരു കൾട്ടുണ്ടാക്കുകയും, പിന്നീട് അനുയായികൾ ചിന്നിച്ചിതറുകയും ചെയ്തു. ആ നിലയിലേക്ക് അധഃപതിച്ചവയല്ലെങ്കിലും അനേക 'കൾട്ടുകൾ' ഇന്ന് നിലനിൽക്കുന്നുണ്ട്, എല്ലാ മതങ്ങളിലും, ഇന്നത്തെ നേതാവു മരിക്കുമ്പോൾ വ്യക്തിമത്സരവും ലക്ഷ്യബോധമില്ലായ്മയും അവയെ ശിഥിലമാക്കുക തന്നെ ചെയ്യും.

അതേ സമയത്ത് മതങ്ങളുടെ അധഃപതനമാണ് പല കൾട്ടുകൾക്കും വഴിയൊരുക്കുന്നത്. പ്രത്യേകിച്ച് സഭയിൽ അത് പ്രകടമാണ്. വിശ്വാസികളുടെ ആത്മീയ ജീവിതത്തെ അവഗണിക്കുകയും ഭൗതികമായ അധികാരത്തിനും വളർച്ചയ്ക്കും പ്രാധാന്യം കൊടുക്കുകയും ചെയ്യുമ്പോൾ ആത്മീയ പോഷണം കിട്ടുന്നവയെ ലക്ഷ്യമാക്കുകയും അങ്ങോട്ട് ചായുകയും ചെയ്യും. പള്ളിപ്പെരുന്നാളും തീർത്ഥാടനവും ഒക്കെ കൾട്ടായി മാറുമ്പോഴും ഈ അപകടം ഉണ്ടാവും. ജീവിതഭാരം അനുഭവിക്കുന്നവർക്ക് ആശ്വാസവും സ്വസ്ഥതയും പ്രത്യാശയും ലക്ഷ്യബോധവും നൽകുകയാണ് കൾട്ടിനെ നേരിടാനുള്ള മുഖ്യ ഉപാധി. ❖

10th Death Anniversary
20-9-2004



## ANNAMMA EAPEN

By
Fr. K.P. Eapen Kanamoottil
Dr. Sosakutty Jacob
Elsa Joseph (Architect)
Paulus Eapen B.E.

3rd Death Anniversary
09.09.2004



## MR. M.V. MATHAI
SHADHOL (M.P.)

*By Sorrowing Family,*

Mrs. Sosamma Mathai (wife)
Anil - Annie, Biji - Anitha,
Ani - Biji, Shruthi &
Vishalmon

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്‌വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യ ചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)



# സഭയിൽ സ്ത്രീകൾ

**വത്സമ്മ മാത്യു, നരിയാപുരം**

**കർത്താവ് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ സ്ത്രീകൾക്കും കൃപയുണ്ട്. അവളും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം. വളരെ ഫലം കായിക്കണം അവളും കർത്താവായ മുന്തിരിവള്ളിയിലെ ഒരു കൊമ്പാണ്.**



നമ്മുടെ സഭയിൽ സ്ത്രീകൾക്ക് മഹനീയമായ സ്ഥാനങ്ങളാണ് ഇന്നുള്ളത്. എന്നാൽ സ്ത്രീകളെ പുരോഹിതന്മാരായോ ഭരണകർത്താക്കളായോ തെരഞ്ഞെടുക്കപ്പെട്ടതായി പഴയ നിയമത്തിലോ പുതിയ നിയമത്തിലോ പറഞ്ഞിട്ടില്ല.

ജൂലൈ മാസത്തിലെ 'മലങ്കരസഭയിൽ ഉത്തമനും ശ്രേഷ്ഠനും സഭയ്ക്ക് ഒരു അഭിമാനഭാജനവുമായ ഫാദർ ബിജേഷ് ഫിലിപ്പച്ചന്റെ ഒരു ലേഖനത്തിൽ-കഴിഞ്ഞ അസ്സോസിയേഷനിൽ സഭ മുഴുവനും പ്രാതിനിധ്യംകൊണ്ട് ഇവിടെ കൂടിയിരിക്കുന്നു എന്ന പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ ഉണ്ടായ സംശയം സഭ എന്നത് പുരുഷന്മാരുടേയ് മാത്രമാണോ എന്നും അസ്സോസിയേഷനിൽ നാലായിരത്തോളം അംഗങ്ങൾ പങ്കെടുത്തപ്പോൾ അതിൽ ഒരു സ്ത്രീ പോലും ഇല്ലായിരുന്നു എന്നും ഖേദപൂർവ്വം എഴുതിക്കണ്ടു.

ഈ സാഹചര്യത്തിൽ സ്ത്രീകളുടെ മഹത്വവും മാന്യതയും, തേജസ്സും എന്തിൽ, ഏതിൽ എവിടെ, എങ്ങനെ എന്ന് ചില ചിന്തകൾ പങ്കുവയ്ക്കുവാൻ പ്രചോദനം തോന്നുന്നു.

പഴയനിമയത്തിലെ ഓരോ ഉത്തമ സ്ത്രീകളെയും എടുത്തു നോക്കിയാൽ എല്ലാവരും സൗമ്യതയും, വിനയവും ഉള്ളവരും പ്രാർത്ഥന, നോമ്പ്, ഉപവാസം, ധ്യാനം ഇവയിൽ നിഷ്ഠയുള്ളവരും ആയിരുന്നു. ഒരു പ്രശ്നം വന്നാൽ യഹോവയോട് ചോദിപ്പാൻ പോകുന്നവരും രഹസ്യങ്ങൾ സൂക്ഷിക്കുന്നവരും സമയം വരെ കാത്തിരിക്കുന്നവരും ആയിരുന്നു. പ്രസിദ്ധി മോഹച്ചവരല്ല.

ന്യായശാസ്ത്രിമാരുടെയും പരീശന്മാരുടെയും കാലത്ത് സ്ത്രീ തികച്ചും നികൃഷ്ടയായിരുന്നു-പന്നിയോട് സമം.

എന്നാൽ കർത്താവിന്റെ ജനനത്തോടെ സ്ത്രീകൾക്ക് ഒരു മാന്യത തന്നെ കൈവരിക്കപ്പെട്ടു.

കർത്താവിന്റെ വംശാവലിയിൽത്തന്നെ നാലു സ്ത്രീകളുടെ പേരുകൾ ചേർക്കപ്പെട്ടു. അവർ നല്ല മക്കളെ പ്രസവിച്ചു. ദൈവത്തെ പ്രസവിച്ച അമ്മ എന്ന നിലയിലാണ് ശുദ്ധിമതിയും സൽഗുണ സമ്പൂർണ്ണയുമായ കന്യകമറിയം ഏറ്റം ശ്രേഷ്ഠയും ഭാഗ്യവതിയുമായത്.

പിന്നീട് ഹന്നാ പ്രവാചകിയെക്കുറിച്ച് പറയുന്നു. പക്ഷേ അവൾ ദേവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ രാവും പകലും ആരാധന ചെയ്തു പോന്നവളായിരുന്നു. (ലൂക്കോ. 2:37)

പിന്നെ കുറെ സ്ത്രീകൾ യേശുവിന്റെ പിന്നാലെ നടന്ന് അവനെ അനുഗമിച്ചവരും തങ്ങളുടെ വസ്തുവകകൾ കൊണ്ട് യേശുവിനെ ശുശ്രൂഷിച്ചു പോന്നവരും ആയിരുന്നു. (ലൂക്കോ. 8:3)

ഒരു നായിക്കുട്ടിയോളം തന്നെത്താൻ താഴ്ത്തിയ ഒരു കനാന്യ സ്ത്രീയെ യേശു പ്രശംസിക്കുന്നു. വേശ്യമാരേയും പാപികളേയും സ്നേഹിച്ചു മാനസാന്തരപ്പെടുത്തിയ കർത്താവ് മാർത്തയുടെയും മറിയയുടെയും ലാസറിന്റെയും ഭവനത്തെ സ്നേഹിക്കുകയും അവന്റെ കാൽചുവട്ടിൽ ഇരുന്നുകൊണ്ട് തിരുമൊഴികൾ ശ്രവിച്ചുകൊണ്ടിരുന്ന മറിയാമിനെ പ്രശംസിക്കുകയും ചെയ്യുന്നു. നല്ല അംശം തെരഞ്ഞെടുത്തു എന്ന് കർത്താവ് പ്രകീർത്തിച്ച മറിയ എത്ര മഹത്തായ മാതൃക!

ഉയിർത്തെഴുന്നേറ്റവനായ കർത്താവ് ആദ്യം പ്രത്യക്ഷനാകുന്നത്, തന്നെ കാണാത്തതിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു സ്ത്രീക്കാണ്.

താൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന സുവിശേഷം അറിയിക്കുവാൻ അയയ്ക്കുന്നതും അവളെയാണ്; ഒരു സ്ത്രീയെയാണ്. ഒരു സ്ത്രീക്ക് സഭയ്ക്ക് വിധേയപ്പെട്ട് ചെയ്യാവുന്ന ഒന്നാണ് സുവിശേഷം അറിയിക്കുക എന്നത്. പല സ്ത്രീകളും ചെന്ന് കർത്താവിന്റെ ശരീരം കണ്ടില്ല എന്ന് പറഞ്ഞപ്പോൾ അവൾ "ഞാൻ കർത്താവിനെ കണ്ടു - അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു" എന്നുള്ള സുവാർത്ത അറിയിച്ചു.

പന്ത്രണ്ടു ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോഴോ വി. കുർബ്ബാന സ്ഥാപിച്ച് "ഞാൻ വരുവോളം നിങ്ങളിത് അനുഷ്ഠിപ്പിൻ" എന്ന് കല്പിച്ചേൽപ്പിച്ചപ്പോഴോ ഒരു സ്ത്രീയും ഇല്ലായിരുന്നു. കെട്ടുവാനും അഴിപ്പാനുമുള്ള അധികാരവും സ്നാനപ്പെടുത്തുവാനും എണ്ണപൂശി സൗഖ്യപ്പെടുത്തുവാനുമുള്ള അധികാരവും ഒരു സ്ത്രീയ്ക്കും കൊടുത്തില്ല. 72 അറിയിപ്പുകാരിലും 318 പിതാക്കന്മാരിലും സ്ത്രീകൾ ഉണ്ടായിരുന്നില്ലല്ലോ. കുഞ്ഞുങ്ങളെ വിശ്വാസം പഠിപ്പിക്കുന്നതാണ് അമ്മമാരുടെയും വല്യമ്മമാരുടെയും ഒരു പ്രധാന ചുമതല-തലതൊട്ടമ്മമാരുടെ സ്ഥാനം-തീമോത്തിയോസിന്റെ അമ്മയേയും വല്യമ്മയേയും പോലെ.

കർത്താവിന്റെ സ്വർഗ്ഗാരോഹണ ശേഷം എല്ലാവരും ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നപ്പോൾ പുരുഷന്മാരോടൊപ്പം സ്ത്രീകളും യേശുവിന്റെ അമ്മയും ഉണ്ടായിരുന്നു എന്ന് പ്രത്യേകം എടുത്തു പറയുന്നു. അ. പ്ര. 1:14.

ആ കാലത്ത് 120 പേർ ഉള്ള ഒരു സംഘം കൂടിയിരുന്നപ്പോൾ യൂദയ്ക്കു പകരം ഒരാളെ തെരഞ്ഞെടുക്കുവാനായി പത്രോസ് എഴുന്നേറ്റു നിന്ന് അഭിസംബോധന ചെയ്യുന്നത് 'സഹോദരി സഹോദരന്മാരേ' എന്നല്ല 'സഹോദരന്മാരായ പുരുഷന്മാരേ' എന്നാണ്. (ഇന്ന് മെത്രാച്ചന്മാരെ തെരഞ്ഞെടുക്കുവാനും മറ്റും സ്ത്രീകൾക്ക് വോട്ടവകാശം വേണമത്രേ.)

അ. പ്ര. 15-ൽ സുപ്രധാനമായ ചില കാര്യങ്ങളിൽ തീരുമാനം എടുക്കുവാൻ അപ്പോസ്തോലന്മാരും കശ്ശീശന്മാരും കൂടി വന്നതിൽ (ആദ്യത്തെ സുന്നഹദോസ്) സ്ത്രീകൾ ആരും ഉണ്ടായിരുന്നില്ല. അപ്പോസ്തോലന്മാരുടെ ലേഖനങ്ങളിൽ ചില സ്ത്രീകളെ പേരെടുത്ത് പറയുന്നുണ്ട്. 'ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാർ' 'കർത്താവിൽ വളരെ അദ്ധ്വാനിച്ചവൾ' എന്നൊക്കെയാണ് അവരെക്കുറിച്ച് പറയുന്നത്. ഇതൊക്കെയാണ് സഭയിൽ സ്ത്രീ. അതിനു മീതേ ഭരണമണ്ഡലത്തിലേക്ക് അവൾ എന്തിന് കൈ കടത്തണം?

എന്നാൽ കർത്താവ് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ സ്ത്രീകൾക്കും കൃപയുണ്ട്. അവളും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം. വളരെ ഫലം കായിക്കണം അവളും കർത്താവായ മുന്തിരിവള്ളിയിലെ ഒരു കൊമ്പാണ്.

അവളും ദൈവത്തിന്റെ മന്ദിരമാണ്. ആ മന്ദിരത്തിലെ കെട്ടുറപ്പുള്ള ഒരു കല്ലാണ്. സഭയായ ശരീരത്തിലെ ഒരു അവയവമാണ്. അവളും ക്രിസ്തുവിന്റെ മണവാട്ടിയാണ്. കർത്താവിന്റെ മണവറയിൽ അവൾക്കും ഒരു സ്ഥാനം ഉണ്ട്. അവൾക്ക് സഭയിൽ മഹനീയമായ സ്ഥാനമുണ്ട്. വി. പട്ടത്വം ഒഴികെ എല്ലാ വിശുദ്ധ കൂദാശകളിലും അവൾക്ക് അതുല്യ പങ്കാളിത്തം ഉണ്ട്.

അതിപുരാതനവും വി. വേദപുസ്തകാധിഷ്ഠിതവും ആയ സത്യവിശ്വാസാചാരാനുഷ്ഠാനങ്ങൾ ഇന്നും അഭംഗുരം അനുഷ്ഠിക്കുന്നത് നമ്മുടെ സഭയാണ്.

അസ്സോസിയേഷനിൽ ഒരു സ്ത്രീയുമില്ല, മാനേജിംഗ് കമ്മറ്റിയിൽ ഒരു സ്ത്രീയുമില്ല എന്നതുകൊണ്ട് സഭ പുരുഷന്മാരുടേതു മാത്രമാണോ എന്ന് സംശയിക്കേണ്ടതുണ്ടോ? 4000 പുരുഷന്മാർ അസോസിയേഷനിൽ സംബന്ധിക്കുമ്പോൾ അതിലും ഏറെ സ്ത്രീകൾ (ഭാര്യമാർ, അമ്മമാർ, പെങ്ങന്മാർ) സഭയിൽ നിന്നും വെട്ടിമുറിച്ച് മാറ്റപ്പെടുവാൻ കഴിയാതെവണ്ണം വീടുകളിൽ ഇല്ലേ? അവർക്ക് പ്രാർത്ഥനാനിരതരായി ഇരുന്നു കൂടെ? സുവിശേഷസംഘത്തിൽ വരിക. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം എത്ര വലിയ സ്ഥാനമാണുള്ളത് എന്ന് കാണാം. പിന്നെ വെറുതേ എന്തിന് സ്ഥാനത്തിനായി മത്സരിക്കുവാനും വോട്ടു പിടിക്കുവാനും ഈ സ്ത്രീകളെ ഇറക്കി വിടുന്നു? (തുടർന്ന് സംവരണവും ആവശ്യപ്പെടും) ഇത് ഭാവിയിൽ ഗുണത്തിനു പകരം ദോഷം ചെയ്യുമോ എന്നും വിവേകപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ അനുവദിച്ചു കഴിഞ്ഞാൽ പിന്നീട് പിൻവലിക്കുവാനും ബുദ്ധിമുട്ടാകും.

ദൈവത്തിന്റെ കൃപകൾകൊണ്ട് നിറയുവാനും സഭയിൽ വേല ചെയ്യുവാനും തണ്ടിന്മേൽ പ്രകാശിക്കുന്ന വിളക്കുകളായി ശോഭിക്കുവാനുമായി ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

❖


**12-ാം ചരമവാർഷികം**

**05-09-2004**



**മാത്യൂസ് നാടാവള്ളിൽ**

**ചന്ദനപ്പള്ളി**

കർത്താവേ നിൻ മദ്ബഹായിൽ
സ്മൃതരാകട്ടെ മൃതി പൂണ്ടോർ
നിൻ ശ്രേഷ്ഠത വെളിവാകും നാൾ
നിൻ വലമായവർ നിൽക്കണമെ.

*Inserted by Sorrowing Family*






# ഞായർദിന ചിന്തകൾ


ഫാ. ഡോ. ജേക്കബ് കുര്യൻ


**സെപ്റ്റംബർ 12**
**വാങ്ങിപ്പിന്റെ ശേഷം അഞ്ചാം**
*** ഞായറാഴ്ച**
**അപ്പോ. പ്ര. 11:2-10, റോമർ 2:28-3:8,**
**ലൂക്കോ. 11:33-41**

* സഭാ പഞ്ചാംഗത്തിലെ തീയതിപ്രകാരം

**1. ശ്ലീഹാ വായന: അപ്പോ. പ്ര. 11:2-10**

യഹൂദക്രിസ്ത്യാനികൾ യഹൂദേതര ക്രിസ്ത്യാനികളെ തങ്ങൾക്കു തുല്യരായി അംഗീകരിക്കുവാൻ കുറച്ചു സമയമെടുത്തു. പത്രോസ് ശ്ലീഹയുൾപ്പെടെ ഈ മാറ്റത്തിനു വിധേയരായ ചരിത്രം ശ്രദ്ധേയമാണ്. പത്രോസ് ശ്ലീഹായ്ക്ക് വീക്ഷണവ്യതിയാനം വന്ന സംഭവമാണ് അപ്പോ. പ്ര. പത്താം അദ്ധ്യായം വിവരിക്കുന്നത്. യരുശലേമിൽ യഹൂദക്രിസ്ത്യാനികളുമായി ഇതു പങ്കുവയ്ക്കുന്നതും അവസാനം അവരിലും വ്യതിയാനം വരുത്തുന്നതുമായ കാര്യമാണ് പതിനൊന്നാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് കൊടുത്തിരിക്കുന്നത്. പത്രോസ് ശ്ലീഹായെ പ്രതിക്കൂട്ടിലാക്കി യഹൂദ് ക്രിസ്ത്യാനികൾ കുറ്റപ്പെടുത്തുന്നത് രണ്ടു കാര്യങ്ങളാണ്. (1) പുറജാതിക്കാരന്റെ വീട്ടിൽപോയി. (2) അവന്റെ ആതിഥ്യം സ്വീകരിച്ച് പുറജാതിക്കാരുടെ കൂടെ ഭക്ഷണം കഴിച്ചു. ഇതിനു മറുപടിയായി, സംഭവിച്ചതെല്ലാം പത്രോസ് ശ്ലീഹാ വിവരിക്കുന്നതാണ് വായനാഭാഗം. വായനയ്ക്കു വച്ചിട്ടില്ലെങ്കിലും പിന്നീട് നടന്ന കാര്യവും ശ്രദ്ധിക്കുന്നതു നല്ലതാണ്. യരുശലേമിലെ യഹൂദക്രിസ്ത്യാനികൾ പത്രോസ് ശ്ലീഹായുടെ വാക്കുകൾക്ക് അനുകൂലമായി പ്രതികരിച്ചുകൊണ്ട് ജാതികൾക്കും ദൈവം രക്ഷയുടെ വാതിൽ തുറന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തി.

യഹൂദരും യഹൂദേതരും തമ്മിൽ കണ്ടിരുന്ന വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ പ്രവർത്തനത്തിന് അതിർവരമ്പിട്ടിരുന്നതുപോലെ, ക്രൈസ്തവരും ക്രൈസ്തവേതരരും തമ്മിൽ ദൈവിക പ്രവർത്തനത്തിന് വേറുതിരിവു ആവശ്യമുണ്ടോ എന്ന ചോദ്യം പ്രധാനപ്പെട്ടതാണ്. ദൈവം എല്ലാവരുടെയും ദൈവമാണ് എങ്കിൽ ക്രൈസ്തവർക്ക് എന്ത് പ്രത്യേക പദവിയാണ് അവകാശപ്പെടാനുള്ളത്? ആ പദവി, ലോകത്തിന്റെ വെളിച്ചവും, ഭൂമിയുടെ ഉപ്പും, (മത്താ. 5:13,14) ആയിത്തീരാനും, രാജകീയ പുരോഹിതവർഗ്ഗമായി (1 പത്രോ. 2:9)ത്തീരാനും ഉള്ള പദവിയാണ്. ചുരുക്കത്തിൽ ശുശ്രൂഷയുടെ പദവിയാണ് ക്രൈസ്തവർക്കുള്ളതെന്നു മനസിലാക്കിയാൽ ആ ശുശ്രൂഷയുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ രുചിയറിയുക എന്ന ഭാഗ്യാവസ്ഥയ്ക്ക് ഒരു നിസ്തുലതയുണ്ട്.

**2. ശ്ലീഹാവായന: റോമർ 2:28-3:8**

മുമ്പു ചർച്ച ചെയ്ത വിഷയത്തെ പ. പൗലൂസ് ശ്ലീഹാ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നും കൂടെ ശ്രദ്ധിക്കാം. യഹൂദനും യഹൂദേതരനും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, യഹൂദന് എന്തു വിശേഷത? "വളരെ ഉണ്ട് (റോമ. 3:1) എന്ന് പറയുന്ന പൗലൂസ് ശ്ലീഹാ, "അശേഷമില്ല" (റോമ. 3:9) എന്നും കൂട്ടിച്ചേർക്കുന്നത് വൈരുധ്യമായി തോന്നാം. ചരിത്രപരമായി വിശേഷത ഉണ്ട് എന്നുപറയുന്നു ("അരുളപ്പാടുകൾ" യഹൂദരെ ഭരമേല്പിച്ചിരിക്കുന്നു) എങ്കിലും, ആത്മീയപ്രകാരം എല്ലാവരും ഒരുപോലെ പാപികളായിരിക്കുന്നതിനാൽ വിശേഷത ഇല്ല എന്നും പൗലൂസ് ശ്ലീഹാ അർത്ഥമാക്കുന്നു. അതുകൊണ്ട് ഈ ചർച്ചയുടെ പരിസമാപ്തിയായി പൗലൂസ് ശ്ലീഹാ പറയുന്നതു കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "അല്ല, ദൈവം യഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതേ, ജാതികളുടെയും ദൈവം ആകുന്നു. ദൈവം ഏകനല്ലോ. അവൻ വിശ്വാസം മൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു" (റോമ. 3:29,30).

**3. ലൂക്കോ. 11:33-41**

'പ്രകാശപൂരിതമായ ജീവിതവും, ആന്തരിക വിശുദ്ധിയും' എന്ന് ഇന്നത്തെ സുവിശേഷ ഭാഗത്തെ സംഗ്രഹിക്കാം. ഹൃദയത്തിൽ അന്ധകാരമില്ലാത്തവർ വിളക്കുപോലെ പ്രകാശിക്കും. അകത്ത് അന്ധകാരമുണ്ടെങ്കിലോ, കാഴ്ചപ്പാടിൽ തുടങ്ങി എല്ലാ ജീവിതമേഖലകളിലും ഇരുണ്ടിരിക്കും. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ. 8:12) എന്നു പറഞ്ഞ യേശു തമ്പുരാൻ തന്നെ അനുഗമിക്കുന്നവരോട് "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (മത്താ. 5:14) എന്നും പറഞ്ഞു. ചുരുക്കത്തിൽ, യേശു ഉള്ളിൽ ഉള്ളവർ, പ്രകാശം പരത്തുന്നവരായി പരിണമിക്കും.

ഭക്ഷണം കഴിക്കാൻ ക്ഷണിച്ച പരീശന്റെ നിരീക്ഷണത്തിനു മറുപടിയായി യേശു പരീശഗണത്തെക്കുറിച്ചുള്ള യേശുവിന്റെ നിരീക്ഷണം നൽകുന്നു. പുറമെയുള്ള വൃത്തി നോക്കുന്നവർക്ക് ആന്തരിക വിശുദ്ധി ഇല്ലാതെ പോകുന്ന ദുസ്ഥിതിയെക്കു

> ക്രൈസ്തവ ജീവിതത്തിൽ, യേശുവിന്റെ പ്രകാശം സിദ്ധിച്ചവർക്ക് മറ്റുള്ളവർക്കായി നൽകുവാൻ പലതുമുണ്ടാകും. പക്ഷേ ഇന്നു മിക്കവരും ഇഷ്ടപ്പെടുന്നത് സ്വാർത്ഥപരമായി കൂടുതൽ പ്രാപിക്കുവാനാണ്.
>
> ആന്തരിക വിശുദ്ധിക്കുപകരം, ബാഹ്യപ്രൗഢിക്ക് ഊന്നൽകൊടുക്കുന്ന ഉപഭോക്തൃസംസ്കാരം ഇന്നത്തെ മനുഷ്യനെ ധരിപ്പിക്കുന്നത് കാപട്യത്തിന്റെ മുഖംമൂടിയെയാണ്.

റിച്ചാണ് യേശുവിനു പറയാനുണ്ടായിരുന്നത്.

ക്രൈസ്തവ ജീവിതത്തിൽ, യേശുവിന്റെ പ്രകാശം സിദ്ധിച്ചവർക്ക് മറ്റുള്ളവർക്കായി നൽകുവാൻ പലതുമുണ്ടാകും. പക്ഷേ ഇന്നു മിക്കവരും ഇഷ്ടപ്പെടുന്നത് സ്വാർത്ഥപരമായി കൂടുതൽ പ്രാപിക്കുവാനാണ്.

ആന്തരിക വിശുദ്ധിക്കുപകരം, ബാഹ്യപ്രൗഢിക്ക് ഊന്നൽകൊടുക്കുന്ന ഉപഭോക്തൃസംസ്ക്കാരം ഇന്നത്തെ മനുഷ്യനെ ധരിപ്പിക്കുന്നത് കാപട്യത്തിന്റെ മുഖംമൂടിയെയാണ്.

## സെപ്റ്റംബർ 19
## സ്ലീബാപെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച

**അപ്പോ. പ്ര. 3:21–26, 1 കൊരി. 2:10–16; മർക്കോ. 13:28–37**

**1. ശ്ലീഹാവായന: അപ്പോ. പ്ര. 3:21–26**

സ്ലീബാപെരുന്നാളിനു ശേഷമുള്ള ഞായറാഴ്ചകളിലെ വായനകൾ പൊതുവെ, ക്രിസ്തുവിനെക്കുറിച്ച് ധൈര്യപൂർവ്വം നടത്തുന്ന സ്വീകരണങ്ങളും, യുഗാന്ത്യപ്രസ്താവനകളും ഉൾക്കൊള്ളുന്നവയാണ്.

ജന്മനാ മുടന്തനായിരുന്നവനെ പത്രോസും യോഹന്നാനും സൗഖ്യമാക്കിയതിനെത്തുടർന്ന് ഓടിക്കൂടിയ ജനത്തോട് പത്രോസ് നടത്തുന്ന പ്രസംഗത്തിന്റെ സമാപന ഭാഗമാണ് ശ്ലീഹാ വായന. യഹൂദ നേതൃത്വത്തെ മുഖത്തുനോക്കി, വെല്ലുവിളിക്കുന്ന ഒരു ധൈര്യത്തിലേക്ക് അപ്പോസ്തോലന്മാർ രൂപാന്തരപ്പെടുന്നത് നമുക്കിവിടെ ശ്രദ്ധിക്കാം. അപ്പോസ്തോലന്മാരുടെ ആദ്യ പ്രസംഗങ്ങളുടെ ഒരു പൊതുസ്വഭാവവും ഘടനയും മാനസാന്തരത്തിനുള്ള ആഹ്വാനമാണ്. ആദ്യപ്രസംഗങ്ങളുടെ പ്രധാന ഘടനയിൽ നാം ശ്രദ്ധിക്കുന്നത് ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും ഉദ്ധരണികൾ നടത്തി അവയുടെ പൂർത്തീകരണം യേശുവിൽ എങ്ങനെ നടന്നുവെന്ന വിശദീകരണമാണ്.

**2. 1 കൊരി. 2:10–16**

മനുഷ്യരെ രണ്ടു തരക്കാരായി കാണാൻ കഴിയും, ഒന്ന്, പ്രാകൃത മനുഷ്യർ, രണ്ട്, ആത്മീയ മനുഷ്യർ. "പ്രാകൃത മനുഷ്യർ" എന്നു പൗലൂസ് ശ്ലീഹാ ഉദ്ദേശിക്കുന്നത്, ആത്മീക വിവേചനം നടത്തുവാൻ ശ്രമിക്കാത്ത ജഡീകമനുഷ്യരെയാണ്. എന്നാൽ ആത്മീക മനുഷ്യരിൽ, ദൈവാത്മാവ് വസിച്ചുകൊണ്ട് വിവേചനത്തിന്റെ ജ്ഞാനം പ്രകടമാക്കുന്നു. ക്രിസ്തുവിന്റെ മനസുള്ളവരാണ് ആത്മീകമനുഷ്യർ. ദൈവത്തിന്റെ മനസറിഞ്ഞവനാണ് യേശുക്രിസ്തു. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ മനസ്സുള്ളവർക്ക് ദൈവത്തിന്റെ മനസ്സറിയുവാൻ കഴിയുന്നു. ഇത് ഉന്നതമായ ഒരു അറിവിന്റെ തലമാണ്.

**3. മർക്കോ. 13:28–37**

യുഗാന്ത്യത്തെക്കുറിച്ചുള്ള യേശുതമ്പുരാന്റെ ഉപദേശസാരമാണ് ഇന്നത്തെ സുവിശേഷഭാഗം. മത്തായിയുടെ സുവിശേഷം 24–ാം അദ്ധ്യായത്തിലും, ലൂക്കോസിന്റെ സുവിശേഷം 21–ാം അദ്ധ്യായത്തിലും യുഗാന്ത്യത്തെക്കുറിച്ചുള്ള, മറ്റു സുവിശേഷങ്ങളിലെ വിവരണങ്ങൾ കാണാം. പ്രധാനമായി മൂന്നു കാര്യങ്ങളാണ് യുഗാന്ത്യവുമായി ബന്ധപ്പെട്ട് യേശുതമ്പുരാൻ പറയുന്നത്. ഒന്ന്, യുഗാന്ത്യം സംഭവിക്കും, അതിന് ചില അടയാളങ്ങളും നേരത്തേ കാണുവാൻ കഴിയും. രണ്ട്, യുഗാന്ത്യം എപ്പോൾ നടക്കും എന്ന് കണക്കു കൂട്ടിയിരിക്കുവാൻ ഉദ്ദേശിക്കപ്പെടുന്നില്ല. മൂന്ന്, യുഗാന്ത്യം എപ്പോൾ സംഭവിച്ചാലും "ഉണർന്നും പ്രാർത്ഥിച്ചും കൊണ്ട്," ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുന്നവരെയാണ് ദൈവത്തിനു വേണ്ടത്. ഇതിൽ മൂന്നാമതു പറഞ്ഞിരിക്കുന്ന കാര്യം ഇന്ന് വളരെയധികം പ്രസക്തമാണെന്നു തോന്നുന്നു. ലോകജീവിതത്തിൽ ദൈവം തമ്പുരാൻ എല്പിച്ചു തന്നിട്ടുള്ള ഉത്തരവാദിത്തങ്ങളെ കുടുംബത്തിലും, സമൂഹത്തിലും സഭയിലും നിറവേറ്റിക്കൊണ്ട് പ്രാർത്ഥനാ ജീവിതം നയിക്കുന്നതിനുപകരം, ഒന്നുകിൽ വെറും ഭൗതികത അല്ലെങ്കിൽ കേവലം ആത്മീയത എന്ന രീതിയിലേക്ക് പലരും വഴുതിപ്പോകുന്നത് തിരുത്തപ്പെടേണ്ടതാണ്. സഭ ലോകത്തിലായിരിക്കണം എങ്കിലും, സഭയിലേക്ക് ലോകത്തിന്റെ പ്രവേശനം നിയന്ത്രിക്കപ്പെടണം.

## സെപ്റ്റംബർ 26
## സ്ലീബാപെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച

**അപ്പോ. പ്ര. 5:17–32, 1 കൊരി. 2:14–3:9, മത്തായി 16:5–12**

**1. അപ്പോ. പ്ര. 5:17–32**

അതിശക്തമായ ഒരു ആത്മീയ നടത്തിപ്പിന്റെ അനുഭവമാണ് അപ്പോ.പ്ര. അഞ്ചാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. യഹൂദ മതനേതൃത്വം പത്രോസിനെയും യോഹന്നാനെയും വീണ്ടും ബന്ധനസ്ഥരാക്കി. പക്ഷെ, ദൈവദൂതൻ അവരെ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിച്ചു. വീണ്ടും അവരെ ദേവാലയത്തിൽ ജനത്തോട് ഉപദേശിക്കുന്നവരായി കാണുന്നു. അവരെ ചോദ്യം ചെയ്യുന്നവരോട് അതിശക്തമായ ഭാഷയിൽ അപ്പോസ്തോലന്മാർ യേശുവിനെക്കുറിച്ച് സാക്ഷിച്ച് സംസാരിക്കുന്നു.

അപ്പോസ്തോലന്മാരുടെ പ്രസംഗങ്ങളിൽ ആവർത്തിക്കപ്പെടുന്ന ഒരു പ്രസ്താവനയുണ്ട്. ''മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (അപ്പോ. പ്ര. 4:19,20, 5:29). ഈ അടിസ്ഥാനപരമായ നയം സഭാശുശ്രൂഷകർക്കും, സഭാ പ്രവർത്തനങ്ങൾക്കും ഉണ്ടാകാതെ പോകുമ്പോഴല്ലേ ജീർണ്ണത ആരംഭിക്കുന്നത് എന്ന് ചിന്തിക്കേണ്ടതാണ്.

**2. 1 കൊരി. 2:14–3:9**

വിഭാഗീയതയ്ക്ക് അതീതമായ ഒരു ധാർമ്മികത ക്രിസ്തുവിന്റെ ശിഷ്യർക്ക് ആവശ്യം എന്ന സന്ദേശമാണ് വി. പൗലൂസ് ഇവിടെ നൽകുന്നത്. ഈർഷ്യയും, പിണക്കവും, പക്ഷംചേരലും ജഡികതയുടെ ലക്ഷണങ്ങളാണ്. ഈ ലക്ഷണങ്ങൾ കൊരിന്തിലെ സഭയിൽ കണ്ടപ്പോൾ, വേദനയോടെ ഉയർന്നു നിന്ന കാര്യങ്ങൾ കാണുവാൻ പൗലൂസ് ശ്ലീഹാ ഉപദേശിക്കുന്നു. നടുന്ന ശുശ്രൂഷ നിർവ്വഹിച്ച പൗലൂസും, നനയ്ക്കുന്ന ശുശ്രൂഷ നിർവ്വഹിച്ച അപ്പൊല്ലോസും അല്ല പ്രധാനം. വളരുമാറാക്കുന്ന ദൈവമത്രെ പ്രധാനം. ആ ദൈവത്തിന്റെ ശുശ്രൂഷകർ മാത്രമാണ് പൗലൂസും അപ്പൊല്ലോസും. അതുകൊണ്ട് അവരുടെ പേരിൽ പക്ഷം പിടിക്കുന്നത് മൗഢ്യമാണ്. ഇതിനുസമാനമായ പ്രശ്നങ്ങൾ ഇന്നും സഭയിലുള്ളപ്പോൾ പൗലൂസിന്റെ ഉപദേശത്തെ മനഃപൂർവ്വം അവഗണിക്കുന്ന പ്രവണത ക്രിസ്തീയമോ എന്നു സ്വയം ചോദിക്കേണ്ടതാണ്.

**3. മത്തായി 16:5–12**

പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ്, അഥവാ കപടത നിറഞ്ഞ ഉപദേശത്തെ സൂക്ഷിച്ചു കൊള്ളാനുള്ള ഉപദേശം യേശു നൽകുന്നു. പരീശന്മാർ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവരെങ്കിലും, മതത്തിന്റെ ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ശ്രദ്ധിക്കുന്നു. അതുമൂലം മനുഷ്യബന്ധങ്ങൾക്കോ, സന്മാർഗികതയ്ക്കോ പോലും അവരിൽ സ്ഥാനം കുറഞ്ഞുപോയി. സദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നില്ല എങ്കിലും, മതത്തിന്റെ ഭരണ നിർവ്വഹണത്തിലും ഭൗതിക ക്രമീകരണത്തിലും തലപ്പത്ത് ആയിരിക്കുന്നവരാണ്. അവരിൽ ദൈവത്തോടുള്ള ബന്ധം, സമൃദ്ധിയുടെ കാര്യസാധ്യത്തിനായുള്ള ബന്ധമായി തരംതാണിരുന്നു. ഇതിനെ രണ്ടിനെയും തിരുത്തുന്ന സമീപനമാണ് യേശുവിന്റേത്. നിർമ്മനുഷ്യത്വത്തിന്റെ ആത്മീയതയോ, നിരീശ്വരത്വത്തിന്റെ മാനവീയതയോ യേശുവിനു ചേരുന്നതല്ല.

## ഒക്ടോബർ 3
## സ്ലീബായുടെ ശേഷം മൂന്നാം ഞായറാഴ്ച

**അപ്പോ. പ്ര. 7:2–5, റോമർ 8:1–11, മർക്കോസ് 2:23–28**

**1. അപ്പോ. പ്ര. 7:2–5**

സ്തേഫാനോസിന്റെ പ്രസംഗത്തിന്റെ ആദ്യഭാഗമാണിത്. കൃപയും ശക്തിയും നിറഞ്ഞ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച സ്തേഫാനോസ് യഹൂദമതനേതൃത്വത്തോട് ഇസ്രായേൽ ചരിത്രത്തിന്റെ ആദ്യഘണ്ഡം പറയുകയാണ്. അബ്രഹാമിന് പാർക്കുവാൻ നൽകിയിടത്ത് കാലടിനിലം പോലും അവകാശമായി കൊടുക്കാതെ, സന്തതികൾക്ക് അതിനെ അവകാശമാക്കിക്കൊടുക്കുന്ന ദൈവീക പദ്ധതിയെക്കുറിച്ചാണ് സ്തേഫാനോസ് പറയുന്നത്. അനുചിതമെന്നും അസംഭവ്യമെന്നും വിചാരിക്കുന്നതിൽക്കൂടി ദൈവം ചിലപ്പോൾ പ്രവർത്തിക്കുമെന്ന ആമുഖ സന്ദേശമാണ് സ്തേഫാനോസ് നൽകുന്നത്. യേശുവിൽകൂടി നിറവേറുന്ന രക്ഷാപദ്ധതിക്കുള്ള വേദശാസ്ത്രപ്രകാരമുള്ള അടിസ്ഥാനം ഇതിൽക്കൂടി സ്തേഫാനോസ് എടുത്തുകാട്ടുകയാണ് ചെയ്തത്.

**2. റോമർ 8:1–11**

"ആത്മാവിലുള്ള ജീവൻ" എന്ന് ഈ ഭാഗത്തെ വിശേഷിപ്പിക്കാം 1) ആത്മാവിലുള്ള ജീവൻ, ക്രിസ്തുവിൽ ആരംഭിച്ചിരിക്കുന്നു. ക്രിസ്തു, പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും സ്വാതന്ത്ര്യം വരുത്തി (2) ആത്മാവിന്റെ ചിന്ത, ജീവനും, സമാധാനവും ആണ് (3) ആത്മാവിന്റെ പ്രയോജനം ആത്യന്തികമായി ക്രിസ്തുവിലുള്ള പുനരുത്ഥാനമാണ്.

**3. മർക്കോസ് 2:23–28**

"യേശുവും ശാബതാചരണവും" എന്ന വിഷയം അതിൽതന്നെ പ്രധാനപ്പെട്ടതാണ്. കൂടാതെ, ശാബതിനെ സംബന്ധിച്ച യേശുവിന്റെ മനോഭാവം, മതാനുഷ്ഠാനങ്ങളെ സംബന്ധിച്ച് പൊതുവിൽ പ്രസക്തി വർധിപ്പിക്കുന്നതാണ്. ശാബതിനെ സംബന്ധിച്ചുള്ള കല്പന, പത്തുകല്പനകളിൽ ഒന്നായിരുന്നു (ഉല്പ. 2:2, പുറ. 20:11). ശാബതിന്റെ ബാഹ്യമായ അനുഷ്ഠാനത്തിനായി യഹൂദന്മാർ മുപ്പത്തൊമ്പത് അനുബന്ധ വിലക്കുകൾ കല്പിച്ചിരുന്നു. എന്നാൽ യേശുതമ്പുരാൻ ശാബതിന് ആന്തരികവും സാമൂഹ്യവുമായ പ്രസക്തി കണ്ടെത്തുവാനാണ് ആഗ്രഹിച്ചത്. അതുകൊണ്ട് "മനുഷ്യപുത്രൻ ശാബതിനും കർത്താവാണെന്നും" (മർക്കോ. 2:28) ശാബതു മനുഷ്യനുവേണ്ടിയാണെന്നും (മർക്കോ. 2:27) യേശുതമ്പുരാന് പറയേണ്ടിവന്നു.

## ഒക്ടോബർ 10
## സ്ലീബായുടെ ശേഷം നാലാം ഞായറാഴ്ച

**അപ്പോ. പ്ര. 21:17–26, 1 കൊരി. 1:21–29, ലൂക്കോ. 16:9–18**

**1. അപ്പോ. പ്ര. 21:17–26**

പ്രശ്നങ്ങളുണ്ടാകുമ്പോൾ അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിന്റെ പ്രസക്തിയാണ് ശ്ലീഹാവായനയിലുള്ളത്. യഹൂദക്രിസ്ത്യാനികൾ പൗലൂസിനെ ഭയങ്കരമായി തെറ്റുദ്ധരിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കിയപ്പോൾ, യരുശലേമിലെ സഭാ നേതൃത്വത്തിന്റെ ഒത്താശയോടെ അവരെ അനുരഞ്ജിപ്പിക്കുന്നതിനുള്ള മാർഗ്ഗം തേടുകയുണ്ടായി. പൗലൂസ് ന്യായപ്രമാണപ്രകാരമുള്ള ശുദ്ധീകരണ കർമ്മങ്ങൾക്ക് എതിരല്ല എന്നു തെളിയിക്കുവാൻ, നേർച്ചയുള്ള നാലു പുരുഷന്മാരുമായി പൗലൂസ് ദേവാലയത്തിലെത്തി അവരോടൊപ്പം ശുദ്ധീകരണ കർമ്മങ്ങളിലേർപ്പെടുന്നു. ഈ പ്രവർത്തനത്തിന് പക്ഷേ വിപരീത ഫലമാണുണ്ടായതെങ്കിലും, പൗലൂസ് അനുരഞ്ജനത്തിന് സ്വയം സന്നദ്ധനായ മനോഭാവം ഏവർക്കും അനുകരണീയമാണ്.

**2. 1 കൊരി. 1:21–29**

ജ്ഞാനത്തെ സംബന്ധിച്ച് യവനന്മാരുടെയും യഹൂദന്മാരുടെയും, ക്രിസ്തീയതയുടെയും അളവുകോലുകൾ തമ്മിലുള്ള വ്യത്യാസമാണ് ഇവിടത്തെ വിഷയം. യഹൂദന്മാർ ജ്ഞാനത്തെ അടയാളപ്രവൃത്തികളാൽ അളക്കുന്നു; യവനന്മാർ ജ്ഞാനത്തെ ബൗദ്ധികതത്വങ്ങളാൽ അളക്കുന്നു; ക്രിസ്തീയത ജ്ഞാനത്തെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ അനുഭവത്താൽ അളക്കുന്നു. ചുരുക്കത്തിൽ ക്രിസ്തീയ ജ്ഞാനം ക്രിസ്തു കേന്ദ്രീകൃതം ആയിരിക്കും. അതിനെ യഹൂദന്മാർ നോക്കുമ്പോൾ അവർക്ക് പിണക്കം ഉണ്ടാകുന്നു; അതിനെ യവനന്മാർ നോക്കുമ്പോൾ അവർക്ക് ഭോഷത്വമായി തോന്നുന്നു; എന്നാൽ, ക്രിസ്തീയവിളി ലഭിച്ചവർക്ക് അത് ദൈവശക്തിയായി പരിണമിക്കുന്നു എന്ന അനുഭവ സത്യമാണ് വി. പൗലൂസ് പങ്കുവയ്ക്കുന്നത്.

**3. ലൂക്കോ. 16:9–18**

പണം അഥവാ സമ്പത്ത് അരമായ ഭാഷയിൽ "മാമോൻ" എന്ന പദത്താൽ സൂചിപ്പിക്കപ്പെട്ടിരുന്നു. പുതിയ നിയമത്തിൽ നാലു പ്രാവശ്യം (മത്താ. 6:24; ലൂക്കോ. 16:9, 11,13) ഈ പദം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. മിക്കപ്പോഴും മാമോന്റെ സമ്പാ

ശേഷം 34–ാം പേജിൽ

സഹയാത്രികന്റേതും. പക്ഷേ ചില ഭാഗങ്ങളിലെത്തുമ്പോൾ ഒരു ജോടി കാല്പാടുകൾ മാത്രം. മറ്റേതു അപ്രത്യക്ഷമാകുന്നു. അപ്പോൾ ആകാശ വിതാനത്തിൽ വരയ്ക്കുന്ന ഓർമ്മയുടെ ചിത്രങ്ങളാവട്ടെ തന്റെ ജീവിതത്തിലെ ഏറ്റവും വിഷമകരമായ അനുഭവങ്ങളെ കുറിച്ച് മാത്രം. ഇതെന്തുകൊണ്ടാണെന്നയാൾ ആശ്ചര്യപ്പെട്ടു. യേശുവിന്റെ കൈയ്ക്ക് പിടിച്ചുകൊണ്ട് അയാൾ പരിഭവം അറിയിച്ചു. "പ്രഭോ, ഞാൻ നിന്നെ അനുഗമിക്കാനൊരുമ്പട്ടപ്പോഴൊക്കെ, നീ എന്നോടൊപ്പം എപ്പോഴും യാത്ര ചെയ്യുമെന്ന് ഉറപ്പു നൽകിയിരുന്നു. പക്ഷേ എന്റെ ഏറ്റവും ബുദ്ധിമുട്ടുണ്ടായ സാഹചര്യങ്ങളിൽ ഒരാളുടെ കാല്പാടുകൾ മാത്രമേ കാണുന്നുള്ളു. നിന്നെ ഏറ്റവും ആവശ്യമായിരുന്ന ആ സമയങ്ങളിൽ നീ എന്നെ തനിച്ചു നടത്തി." അയാളുടെ തോളത്തു തലോടി കൊണ്ട് യേശു മറുപടി പറഞ്ഞതിങ്ങനെയാണ്. "മകനേ, നിന്റെ ദുർഘടമായ ഘട്ടങ്ങളിലൊന്നും ഞാൻ നിന്നെ ഉപേക്ഷിച്ചിരുന്നില്ല. മറിച്ചു ആ സമയങ്ങളിലെല്ലാം ഞാൻ നിന്നെ എടുത്തു എന്റെ തോളത്തു വച്ചു കൊണ്ടാണ് നടന്നത്. അതുകൊണ്ടാണ് നീ ഒരു ജോഡി കാല്പാടുകൾ മാത്രം കണ്ടത്."

ദൈവത്തോടൊപ്പം നടന്ന ആദികാല പിതാക്കന്മാരെ കുറിച്ചുള്ള സമ്പുഷ്ടമായ വിവരണം പഴയനിയമ ചരിത്രത്തിലുണ്ട്. ഹാനോക് എന്ന ഭക്തൻ ദൈവത്തിനോടുകൂടി നടന്നവനാണ്. "നോഹ നീതിമാനും, തന്റെ തലമുറയില നിഷ്ക്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടുകൂടി നടന്നു." (ഉല്പത്തി. 6:9) എങ്കിലും നോഹയും പാപത്തിൽ നിന്ന് പൂർണ്ണ വിമുക്തനായിരുന്നു എന്നല്ല ഇതിനർത്ഥം. ഉല്പത്തി 9:20-28-ൽ നോഹയുടെ പാപങ്ങളെ കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞിരുന്ന കാലഘട്ടത്തിൽ ദൈവത്തെ ഹൃദയപൂർവ്വം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തത്, ഓരോ ചുവടുവെയ്പും ദൈവത്തിനൊപ്പം നിന്നതിന്റെ സാക്ഷിപത്രമാണ് നോഹയുടെ ജീവിതം. നോഹയുടെ കാലഘട്ടത്തിലെപ്പോലെ വഷളത്വം നിറഞ്ഞ ഇന്നത്തെ ലോകത്തിലാണ് നാം ജീവിക്കുന്നത്. അധാർമ്മീകമായ ലോകത്തിൽ ധാർമ്മീകമായി ജീവിക്കുക ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. ജീവിതത്തിൽ സാമൂഹ്യവും, സാമ്പത്തികവും, ഔദ്യോഗികമായ പല നേട്ടങ്ങളും നിങ്ങൾ കൈവരിച്ചെന്നിരിക്കാം. പക്ഷേ ദൈവത്തോടൊപ്പം നടക്കുക ഏറെ ബുദ്ധിമുട്ടുള്ള കര്യമാണ്. ഭൗതികമായ നേട്ടങ്ങൾ പലതും ഉപേക്ഷിക്കേണ്ടതായി വന്നേക്കാം. വലിയ ത്യാഗങ്ങൾ ചെയ്യേണ്ടി വരും "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ." എന്ന് (മർക്കോസ് 8:34) യേശു ആഹ്വാനം ചെയ്യുന്നു.

എങ്ങനെയാണ് ദൈവത്തിനൊപ്പം നടക്കുക? പ്രാർത്ഥനയും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും വഴി ഭക്തിനിർഭരമായ ഏതാനും മിനിറ്റുകളോ മണിക്കൂറുകളോ മാത്രമാണ് നാം ദൈവത്തോടൊപ്പം നടക്കുന്നത്. ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുന്നവർക്കു മാത്രമേ ദൈവത്തോടുകൂടി സ്ഥായിയായി നടക്കാൻ സാധിക്കൂ. ജീവിതത്തിൽ വിഷമമേറിയ ഏതു സാഹചര്യത്തിലും ദൈവം കൂടെയുണ്ട് എന്ന തിരിച്ചറിവ് നമുക്ക് ബലം നൽകുന്നു. ഒരാളിലന്തർലീനമായിരിക്കുന്ന ദിവ്യശക്തിയെ പൂർണ്ണതയിലെത്തിക്കാനുള്ള ഏകവഴിയും ഇതു മാത്രമാണ്. വെല്ലുവിളികളെ നേരിടുമ്പോൾ "പകൽസമയത്തു" അവർ മേഘം കൊണ്ടും രാത്രി മുഴുവനും അഗ്നി പ്രകാശം കൊണ്ടും അവൻ വഴി നടത്തും (സങ്കീ. 78:14). എല്ലാ സന്ദർഭങ്ങളിലും "I will be with you" എന്ന വാഗ്ദാനം ദൈവവുമായുള്ള ബന്ധത്തിൽ വിശ്വസ്ഥനാകുവാനും അവന്റെ മാർഗ്ഗനിർദ്ദേശങ്ങളോടെ ജീവിപ്പാനും നമ്മെ പ്രാപ്തരാക്കും.

(കെ. പി. ജെ.)

❖

**House Plots For Sale**

പത്തനംതിട്ട ഡിസ്ട്രിക്ടിൽ കോന്നിയിൽ വീടു വെച്ചു താമസിക്കുന്നതിന് അനുയോജ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ 15 സെന്റ്, 20 സെന്റ്, Plots വില്പനയ്ക്ക്.

Contact Phone No : 0468-2245358

**കൈക്കാരൻ സോഫ്റ്റ്‌വെയർ**

പള്ളികൾക്കായുള്ള സോഫ്റ്റ്‌വെയർ പാക്കേജ്. മലങ്കര സഭയിലെ ഇരുപതിലധികം പള്ളികളിൽ ഉപയോഗിച്ചു വരുന്നു. ഡെമ്മോ സൗജന്യമാണ്.

Orthodox Book Centre
MDC Centre, Kottayam-1
PH: 0481 - 2464402

Comsoft
Kottayam-1
PH: 0481 - 2302278, 2303378





# IDENTIFY THE TRUE SPIRITUALITY

Jaise K. George, Jabalpur

In todays' world, we slowly stumble on the fact that miraculous healing is turning out to be a very inevitable part of Christian ministry. And this idea is well propagated in most of the religious TV channels. Jesus and his disciples during their life time healed many sick people. But they never had the attitude put out by todays' so called ministry healers. Spirituality propagated through miracles is being dissected here.

Mimicking the godly behavior showed by Jesus in our daily life and making reality, the authenticity of the resurrected Jesus Christ can be attributed as the real spirituality. This spirituality is not confined to a person. This is a phenomenon that has to be exhibited in the social life through human relationship. When our relationship with God starts to exhibit in our relationship with fellow human being, a true sense of mysticism can be witnessed. In other words, spirituality is all about practically demonstrating the behavior of Jesus Christ in our daily social life. This is what should be promulgated in Christian Ministerial works. But through the mircles and all other forms of extraordinary happenings, we see only a highlighted picture of Christ meant only to look upon in the time of need. Spirituality is brought down plainly as a means of getting things done. This is like going to a distinguished medical doctor who comes to the scene when a sickness appears. When his medication works, a feeling of gratitude followed by a spreading of his virtues.

Spiritualism is much more than just healing, wonders and extraordinary events.

Even in the beginning of His public ministry, Jesus took great effort to win over temptation of becoming a savior catering to the simple worldly needs of the people. The reaction of Jesus towards these temptations gives a very coherent picture of His efforts and vision of work while taking the form of human being on Earth. He never wished to attract people by giving physical wealth (the temptation of making bread from stone St. Luke 4:3), or by creating political authority through conquering Roman empire (temptation for giving authority St. Luke 4:6), or by performing miracles (by jumping from temple St. Luke 4:9). His decision was to submit Himself for God's wish and perform Messiah's mission as a suffering servant. Once when Peter incited Jesus to deviate from this appraoch, Jesus reprimanded saying "Get away from me Satan, your thoughts don't come from God but from man. (St. Mark 8:33).

Jesus never promised any sort of wordly riches on Earth to his disciples. "Listen, I am sending you out just like sheep to a pack of wolves.. Do not think that I have come to bring peace to the world. No, I did not come to bring peace but a sword (St. mathew 10:16-39). Whoever comes to me cannot be my disciple, unless he loves me more than his father and his mother... Whoever does not carry his own cross and come after me cannot be my dicipIe (St Luke 14:16-27). These can be considered as the core essence of following Jesus. But today, we do not see teaching that draws people to follow Jesus with its challenges.

It can be noted in the Bible that even relatives advised Jeses to make fame and acceptance through miracles. "Leave this place and go to Judea, so that your followers will see the things that you are doing. No one hides what he is doing if he wants to be well known. Since you are doing these things let the whole world knows about you". (St. John 7:4). Jesus answered "The right time for me has not yet come" (St. John 7:6). The phrase 'my time' in John's Gospel signifies crucifixion of Jesus. He wished to attract people through cross. "When I am lifted up from the earth, I will draw everyone to me" (St. John 12:32). He never intended to be famous by any miraculous healing. Jesus sent back healed people by warning them; "Don't tell anybody about this". When the reality of Christ is drawn through miracles and wonders only, we are actually defaming the Almighty God's love and the sacrifice of Jesus Christ on the Cross. Christian leaders should actually advocate the picture of Christ who died on the cross for our sins and should repent.

But today, there isn't any real repentance or remorse.

Miracles are publicized as the standard dimension of spirituality. Wealth and happiness are blessings from God! Sadness, poverty and sickness are Satan's! Materialistic. wealthy people are the blessed ones! Weak and sick people are the discarded ones of God! High social and economic progress has become spiritual motto. Prayer is a media for getting

Continue....... Page 34

## സ്വാഗതസംഘം രൂപീകരിച്ചു

മുംബൈ:- ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ 68-ാംമത് അഖില മലങ്കര വാർഷിക സമ്മേളനം 2004 ഒക്ടോബർ 28 മുതൽ 31വരെയുള്ള തീയതികളിൽ ബോംബെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വാഷി ഓർത്തഡോക്സ് സെന്ററിൽ വെച്ച് നടത്തുന്നതാണ്. "സ്വാതന്ത്ര്യാനുഭവത്തിന്റെ വഴിത്താരകൾ" എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. കോൺഫ്രൻസിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്കായി ഫാ. എം. എസ്സ്. ജോയി ജനറൽ കൺവീനറായുള്ള 101 അംഗങ്ങൾ അടങ്ങിയ വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

ദാദർ സെന്റ് മേരീസ് പള്ളിയിൽ വെച്ച് ഭദ്രാസന സെക്രട്ടറി ഫാ. തോമസ് വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. നൈനാൻ കെ. കുരിയാക്കോസ്, ഫാ. കെ. വൈ. വിൽസൺ, ഫാ. സ്ക്കറിയാ വർഗീസ് എന്നിവർ പ്രസംഗിച്ചു. ബോംബെ ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. എം. എസ്സ്. ജോയി സ്വാഗതവും ജനറൽ സെക്രട്ടറി വർഗ്ഗീസ് മാത്യു കല്യാൺ നന്ദിയും പറഞ്ഞു.

## പൗരോഹിത്യ രജത ജൂബിലി

തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ഫാ. ബേബി തോമസിന്റെ പൗരോഹിത്യ രജതജൂബിലി പ. കാതോലിക്കാബാവായുടെ പ്രധാന കാർമികത്വത്തിൽ ചെങ്ങമനാട് ബെത്‌ലഹേം ആശ്രമത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ബെത്‌ലഹേം ആശ്രമാംഗവും കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് പൊളിറ്റിക്സ് വിഭാഗം സെലക്ഷൻ ഗ്രേഡ് ലക്ചററുമാണ്. പ. കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശുപട്ടവും വൈദിക പട്ടവും സ്വീകരിച്ച്. ഇപ്പോൾ കൊട്ടാരക്കര കിഴക്കേത്തെരുവ്, പട്ടമല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിലും ചെങ്കോട്ട, മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് മിഷൻ സെന്ററിലും വികാരിയായി സേവനമനുഷ്ഠിക്കുന്നു.

രാവിലെ ആശ്രമ ചാപ്പലിൽ നടന്ന വി. കുർബ്ബാനയ്ക്ക് പ. കാതോലിക്കാബാവ മുഖ്യകാർമികത്വം വഹിച്ചു. തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ പ. കാതോലിക്കാബാവ അധ്യക്ഷം വഹിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. കേരള ഗതാഗത വകുപ്പു മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ സഹായ പദ്ധതികൾ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി വിതരണം ചെയ്തു. വന്ദ്യ സിറിൾ റമ്പാൻ, വെരി. റവ. ഫാ. എം. വൈ. തോമസ്കുട്ടി കോർഎപ്പിസ്ക്കോപ്പ, ഫാ. കെ. എ. എബ്രഹാം, ഫാ. ഗീവർഗീസ് ഇറക്കത്ത്, ഫാ. ഫിലിപ്പ്, ഡോ. കെ. എം. ഭാസ്ക്കരൻ എന്നിവർ ആശംസകളർപ്പിച്ചു. വിവിധ ഇടവകകളും പ്രസ്ഥാനങ്ങളും ഉപഹാരങ്ങൾ നലകി. റവ. ഫാ. ഏ. ജെ. ശാമുവൽ സ്വാഗതവും റവ. ഫാദർ സി. ഡി. രാജൻ നല്ലില നന്ദിയും പ്രകാശിപ്പിച്ചു.

## റാങ്ക് കരസ്ഥമാക്കി



സൗത്തു പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗം പറമ്പുകാട്ടിൽ ഡയാന ആൻ ഐസക്ക് എം.ജി. യൂണിവേഴ്സിറ്റിയുടെ ഇക്കഴിഞ്ഞ ബി. കോം (റഗുലർ) പരീക്ഷയിൽ മൂന്നാം റാങ്കു നേടി. പാമ്പാടി കെ. ജി. കോളജ് അദ്ധ്യാപകൻ പ്രൊഫ. ഐസക്ക് പി. ഏബ്രഹാമിന്റെയും ലില്ലി ഐസക്കിന്റെയും മകളാണ്.

## മർത്തമറിയം വനിതാസമാജം വാർഷിക സമ്മേളനം – ഇടുക്കി ഭദ്രാസനം

മർത്തമറിയം വനിതാസമാജം ഇടുക്കി ഭദ്രാസന വാർഷിക സമ്മേളനം തേക്കടി സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 2004 മെയ് 29-ാം തീയതി ശനിയാഴ്ച ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കെ. എസ്സ്. സഖറിയയുടെ അദ്ധ്യക്ഷതയിൽ കൂടി. ഫാ. മത്തായി ഇടയനാൽ യോഗം ഉദ്ഘാടനം ചെയ്തു. കണ്ടനാട് വെസ്റ്റ് ഭദ്രാസനം അരമന മാനേജർ ഫാ. ഒ. പി. വർഗീസ് ക്ലാസ്സെടുത്തു. കിഴക്കമ്പലം ബേദ്‌ലഹേം ദയറാ ഗേൾസ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ് റവ. സിസ്റ്റർ. ശൈനോ പ്രസംഗിച്ചു. 2003-ൽ നടത്തിയ അഖില മലങ്കര മത്സര പരീക്ഷയിൽ റാങ്കു നേടിയവർക്ക് സർട്ടിഫിക്കറ്റും പ്രത്യേക സമ്മാനങ്ങളും വിജയികൾക്ക് സർട്ടിഫിക്കറ്റും യോഗത്തിൽ വിതരണം ചെയ്തു. 250-ൽ പരം അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. പള്ളി വികാരി റവ. ഫാ. ജോർജ്ജ് വർഗീസ് സ്വാഗതവും ജനറൽ സെക്രട്ടറി ശ്രീമതി മറിയാമ്മ എബ്രഹാം കൃതജ്ഞതയും പറഞ്ഞു.

## സുവിശേഷ സംഘം സുവർണ്ണ ജൂബലി ആഘോഷം തുടങ്ങി

അവിഭക്ത കൊല്ലം-തിരുവനന്തപുരം ഭദ്രാസനത്തിൽ 'സുവിശേഷസംഘം' പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 2004 മേയ് മാസം അമ്പതു കൊല്ലം തികഞ്ഞു. തിരുവനന്തപുരം ഭദ്രാസനത്തിൽ സുവർണ്ണജൂബിലി ചർച്ചാഘോഷം ഉദ്ഘാടനം കഴിഞ്ഞ അഞ്ചാം തീയതി കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. റ്റി. ജെ. അലക്സാണ്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് സുവിശേഷ സംഘം മിഷൻ ബോർഡ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിക്കുകയുണ്ടായി.

പ്രസ്തുത സമ്മേളനത്തിൽ നിയുക്ത മെത്രാൻ വെരി. റവ. ഡോ. യൂഹാനോൻ റമ്പാൻ, മിഷൻ ബോർഡ് ഭാരവാഹികളായ ഫാ. ജി. ജോൺ, പ്രൊഫ. ഡി. മാത്യൂസ്, ഭദ്രാസന ഭാരവാഹികളായ ഫാ. ജോൺ ഫിലിപ്പ്, ഫാ. സാജൻ തോമസ്, മെമ്പേഴ്സ്-എൽ. കുഞ്ഞപ്പി, എൽ. ജോർജ്ജ്, ഇ. എം. ജോർജ്ജ് തുടങ്ങിയവർ വിവിധ പരിപാടികൾക്കു നേതൃത്വം നൽകുകയും ചെയ്തു.





## AWARD



Dr. T. K. Alex, belonging to St. Mayr's Orthodox Church Jalahalli, Bangalore received the Astronautical Society of India Annual Award from the President of India on 26th July, 2004 at Bangalore. Dr. Alex is the Director of ISRO's Electro-Optics Laboratory. He had his early education at the Catholicate School and College and BE and M. Tech degree from Kerala University, IIT, Madras respectiverly and doctorate from IISc, Bangalore. He plays the Church organ and made significant contributions for many decades in organizing the Orthodox Choir in Bangalore."

## COMMITTEE FOR MINORITY EDUCATION

Hon'ble Minister for HRD, Government of India, Shri Arjun Singh has reconstituted "The National Monitoring Committee for Minority Education" with effect from 7th August, 2004.

The committee has 45 members with the Minister for HRD Shri. Arjun Singh as Chairman. The Committee has 18 ex-officio members and 27 nominated members. The Christian Members of the Committee are the following:

1. Dr. Mani Jacob, General Secreatary, All India Association for Christian Higher Education (AIACHE) and Chancellor of Allahabad Agricultural Institute deemed University; 2. Archbishop vincet Concessao, Catholic Archbishop of Delhi; 3. Prof. Newman Fernandes, Principal, St.Xavier's College of Arts and Science, Goa and Vice President AIACHE; 4. Dr. Paul Dhinakaran, Chancellor, Karunya Institute of Technology Deemed University; 5. Fr. Francis Parmar, Principal, St. Xavier's College, Ahmedabad; 6. Sr. Marian, Principal, St. Mary's Convent, Kanpur; 7. Dr. Mohan Varghese, Principal, Christian Medical College, Ludhiana

The committe will advise the Government on all matters pertaining to the education of minorities. In addition, it will review the function of various schemes launched by the Ministry of the purposes of promoting minority education.

## മാർ എപ്പിഫാനിയോസ് ക്രിസ്ത്യൻ ബുക്ക് ഹൗസ്, എപ്പിഫാനിയോസ് സെന്റർ, അടൂർ

കുന്തിരിക്കം, വിരിക്കൂട്ട്, മറുബഹ്സ, ധൂപക്കുറ്റി, വൈദീകരുടെ തൊപ്പി, പാട്ടുപുസ്തകം, വി. വേദപുസ്തകം, മെഴുകുതിരി, കാപ്പസെറ്റ്, കുർബാന അച്ച്, റാസാ കുരിശ്, ശുശ്രൂഷ കുപ്പായം, വീഞ്ഞ്, മുത്തുക്കുട, കാസാ സെറ്റ്, റാസാ തൊപ്പി, ചിത്തോല, മെഴുകുതിരിക്കാൽ, തക്സാ സ്റ്റാന്റ്, ശോശപ്പാ, കറുത്ത കുപ്പായം, ആരാധനാ പുസ്തകങ്ങൾ, കാതോലിക്കാ പതാക തുടങ്ങിയ സഭാ പ്രസിദ്ധീകരണങ്ങൾ, കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങൾ, പ്രധാന പ്രസാധകരുടെ പുസ്തകങ്ങൾ, ഇതര സഭാ പ്രസിദ്ധീകരണങ്ങൾ, ക്രിസ്തീയ ഭക്തിഗാന കാസറ്റുകൾ, സി. ഡി., ഫോട്ടോകൾ ഇവ മിതമായ നിരക്കിൽ ലഭ്യമാണ്.

പള്ളികൂദാശയ്ക്ക് ആവശ്യമായ എല്ലാ സാധനങ്ങളും കൂദാശ ക്രമവും ഓർഡർ അനുസരിച്ച് ഭംഗിയായി കൃത്യ സമയത്ത് ചെയ്തു കൊടുക്കുന്നതാണ്. മാനേജരായി ഫാ. എസ്. വി. മാത്യു, തുവയൂർ പ്രവർത്തിക്കുന്നു.

** മലങ്കരസഭ മാസികയുടെ വരിസംഖ്യ അടയ്ക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും ഇവിടെ സൗകര്യം ഉണ്ട്.*

## ഉദ്ഘാടനം

കർണ്ണാടക നരസിംഹരാജപുരം സെന്റ് മേരീസ് ഇടവകയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ജീവൻ ജോതി സ്ക്കൂളിനുവേണ്ടി പുതുതായി പണിത ഹൈസ്ക്കൂൾ വിഭാഗത്തിന്റെ കൂദാശയും ഉദ്ഘാടനവും7-8-2004 തീയതി ഇടവക മെത്രാപ്പോലീത്താ യാക്കോബ് മാർ ഐറേനിയോസ് നിർവഹിച്ചു. ഇടവക വികാരിയായി ഫാ. ജയിംസ് കുറ്റികണ്ടത്തിൽ പ്രവർത്തിക്കുന്നു.

## മൈലപ്ര മാത്യൂസ് റമ്പാന്റെ ജന്മശതാബ്ദി

മൈലപ്ര: മൈലപ്ര പി. ഐ. മാത്യൂസ് റമ്പാന്റെ 13-ാം ശ്രാദ്ധപ്പെരുന്നാളും ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും സെപ്റ്റംബർ 3,4 തീയതികളിൽ നടന്നു. ജന്മശതാബ്ദി സമ്മേളനം ജസ്റ്റിസ് ജെ. ബഞ്ചമിൻ കോശി ഉദ്ഘാടനം ചെയ്തു.

## ശുശ്രൂഷകനെ ആവശ്യമുണ്ട്

എസ്.എസ്.എൽ.സി. പാസ്സായതും ദേവാലയ ശുശ്രൂഷകളിൽ അഭിരുചിയുമുള്ള, അവിവിവാഹിതനായ ശുശ്രൂഷകനെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ താഴെ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപേക്ഷിക്കുക.

**The Vicar, St. Thomas Mount Orthodox Syrian Church, Puzhuthivakkam, Chennai-600091**

**Ph: 044-22421779/22420889**

## IDENTIFY THE TRUE SPIRITUALITY......

wealth and happiness. It is very usual to find in large coventions or assemblies, that a very few who gets healed are excited and jump around shouting praises to God. But the majority goes disappointed as they do not see anything stimulating or extraordinary in their life. Only time will prove how much transformation actually happens in the long run.

We are also witnessing a very strong change in the outlook towards prayer which is considered as the most powerful tool towards spiritualism. Prayer is not a method to satisfy our endless worldly desires. "May your will be done on earth as it is in heaven" this should be our prayer. According to Jesus the experience of personal attachment with father Almighty God was prayer. There is only one request for physical blessing in the prayer which Christ taught his disciples. This also was not intended for personal or self-centered purpose. "Give us today the food we need"-this was that request. We can also interpret it as the food in the Kingdom of God. In Christ's prayer if we examine the order of requests we can understand the fact that the priority is given to the prayer for God's country and glory.

"I will do whatever you ask for in my name" (John 14:13)-this is the promise given to us. To pray in the name of Christ means to pray with the spirit of Christ. "When you pray, do not use a lot of meaningless words, as the pagans do" (St. Mathew 6:7) - this is Jesus' teaching about prayer. God is a person who knows our needs before we request (6:8). He is our secret father (6:6). This approach is not meant to ignore the need or the reponsibility of interceding and praying for the deprived.

The 6th chapter of Gospel of St. John's starts with the verses" A large crowd followd him, because they had seen his miracles of healing those who were ill (6:2). But at the end we saw "Many of Jesus' followers turned back and would not go with him any more" (6:66). The people who are coming for eating bread and watching mircacles have to detach from Him (6:26,32). If we are giving more importance to miracles, we also might at the end turn back like them. And so the true spirituality should never be measured with the limits of miracles it can deliver. ❖


**MATRIMONIAL**

Marriage Proposals are invited for an Orthodox girl 24 years/160 c.m.) M.C.A., working in Madras from parents of God fearing, good looking boys, preferably professionaly qualified (M.C.A., M.B.A., C.A. etc.) working in Madras.

*Contact:-*

**Box. No. 403**
**Malankara Sabha,**
**Devalokam-686038**

**MATRIMONIAL**

U. S. Emigrant parents invite marriage proposals for their daughter 28 years' 5.5", very fair, born and brought up in Mumbai. Presently employed as Deputy General Manager, for a private I T Company in Mumbai. Suitable boys born and brought up out side Kerala, preferred.

*Contact:-*

**Tele Phone : 022-25923065**
**E-mail:- Manoj_Thomas 10 yahoo.co.in**

**MATRIMONIAL**

മുംബൈയിൽ ജോലിയുള്ള ഓർത്തഡോക്സ് യുവാവ് (30, 177 c.m., Medium Complexion, B.Com+Computer) അനുയോജ്യരായ യുവതികളുടെ രക്ഷാകർത്താക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. T.T.C./BEd. ഉത്തമം.

*Contact:-*

**Box. No. 404**
**Malankara Sabha,**
**Devalokam-686038**



### ഞായർദിന ചിന്തകൾ 27-ാം പേജിൽ നിന്നു തുടർച്ച

ദനം അനീതിയുമായി ബന്ധപ്പെട്ടതാകയാൽ, മാമോനെ "അനീതിയുടെ മാമോൻ" എന്നും വിശേഷിപ്പിച്ചിരിക്കുന്നു. അനീതിയുള്ള മാമോനെ ഉപയോഗിച്ച് സ്നേഹിതന്മാരെ സമ്പാദിക്കുക എന്നു പറയുമ്പോൾ, അനീതി ചെയ്യുവാൻ ഒരനുമതി യേശു നൽകുകയായിരുന്നുവോ എന്നു സംശയിച്ചേക്കാം. എന്നാൽ അങ്ങനെയല്ല, പണത്തിന്റെ ബുദ്ധിപൂർവ്വമായ കാര്യവിചാരകത്വം മൂലം, സ്നേഹിതന്മാരുടെ സംഖ്യ വർധിക്കുകയാണ് വേണ്ടത് എന്ന സന്ദേശമാണ് യേശുവിന്റെ വാക്കുകൾ നൽകുന്നത്. പണത്തിന്റെ സ്വാർത്ഥപരമായ കൈകാര്യം മൂലം സ്നേഹിതന്മാരുടെ സംഖ്യ കുറയുകയാണ് ചെയ്യുന്നത് എന്നതും ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു. ❖



## *For Favours Received*









താമസിച്ചതിന് ക്ഷമാപണം

**BINAI EAPEN**

**NEW YORK**

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# 58th Anniversary

## 04-09-2004

*In Everlong Memory of*

# Mr. M. G. ZACHARIAH



Oct. 2, 1902 Sept. 4, 1946

**Baboo/Baby, Charlie / Saro, Alex/ Prema/**
**Grandchildren & Great Grand children**

**Mannil Zach Bhavan**
**Thekkemala**
**Kozhencherry**

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-